# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: **doktm.ksad@kerala.gov.in**

ഫോൺ : **0481-2564886**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എ.കെറ്റിഎം.പി15-1561/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 24/10/2024
ഇ-മെയിൽ:
doktm.ksad@kerala.gov.in
ഫോൺ: 0481-2564886

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്ത്

സർ,

**വിഷയം : ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

.

നമ്പർ: കെഎസ്എ.കെറ്റിഎം.പി15-1561/2024 തീയ്യതി: 24/10/2024

## കോട്ടയം ജില്ലയിലെ ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-06-2023 മുതൽ 31-08-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2023 മുതൽ 31-03-2024 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 12-09-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സാബു സി.ജോർജ്ജ് | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 06-09-2024 | 12-09-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 06-09-2024 | 12-09-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.സജി പി.ആർ, ഓഡിറ്റ് ഓഫീസർ

ശ്രീ.രഞ്ജിത്ത് എം, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ.അഗസ്റ്റിൻ സി. തേവർകുന്നേൽ, ഓഡിറ്റർ

ശ്രീമതി ബീനാകുമാരി റ്റി.വി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ശ്രീകല ആർ | പ്രസിഡന്റ് | 01-04-2023 | 04-03-2024 |
| ശ്രീമതി മറിയാമ്മ ഫെർണാണ്ടസ് | പ്രസിഡന്റ് | 20-03-2024 | 31-03-2024 |
| ശ്രീ.സക്കീർ ഹുസൈൻ ഇബ്രാഹിം | സെക്രട്ടറി | 01-04-2023 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ജയപ്രകാശ് ആർ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2023 | 21-07-2023 |
| ശ്രീമതി സൂര്യ സുരേഷ് കെ.എസ്. | അസിസ്റ്റന്റ് എഞ്ചിനീയർ | 22-07-2023 | 31-03-2024 |
| ശ്രീമതി അശ്വതി വിജയൻ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 01-04-2023 | 31-03-2024 |
| ഡോ.മുഹമ്മദ് ജിജി | മെഡിക്കൽ ഓഫീസർ | 01-04-2023 | 31-03-2024 |
| ശ്രീമതി ജാസ്മിൻ കെ. | സിഡിപിഒ | 01-04-2023 | 31-03-2024 |
| ശ്രീമതി അനു കുമാരൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2023 | 31-03-2024 |
| ശ്രീ.അനൂപ് കുമാർ | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | 01-04-2023 | 31-03-2024 |
| ശ്രീ.ബേസിൽ മാത്യു | അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2023 | 08-10-2023 |
| ശ്രീ.ഷൈജു സി.എസ്. | അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ | 09-10-2023 | 31-03-2024 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-1 |
| 2 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 3 | ബ്ലോക്ക് പഞ്ചായത്തിന്റെ ജനറൽ ഫണ്ട്, ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖകളും വിശദീകരണവും ലഭ്യമല്ല. | 1-1-2 |
| 4 | വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ അവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല | 1-1-3 |
| 5 | ആസ്തികളുടെ മൂല്യശോഷണം - അക്കൗണ്ട് ചെയ്തതിന്റെ അനുബന്ധരേഖകൾ, കാൽക്കുലേഷൻ ഷീറ്റ് എന്നിവ ലഭ്യമാക്കാത്തതിനാൽ കൃത്യത വ്യക്തമല്ല | 1-1-4 |
| 6 | ബി4 ഷെഡ്യൂളിൽ ഉൾപ്പെട്ട ഇനങ്ങളുടെ നീക്കിയിരിപ്പിൽ പാസ് ബുക്കുമായി വ്യത്യാസം നിൽക്കുന്നു | 1-1-5 |
| 7 | ഡെപ്പോസിറ്റ്, അഡ്വാൻസ് തുകകളുടെ ആധികാരികത വ്യക്തമല്ല | 1-1-6 |
| 8 | വാടക- ഡിമാന്റ്/കളക്ഷൻ/ബാലൻസ് തുക കണക്കാക്കിയതിൽ വ്യത്യാസം | 1-1-7 |
| 9 | CFC ഗ്രാന്റ് വിനിമയം വാർഷിക കണക്കുമായി വ്യത്യാസപ്പെട്ടിരിക്കുന്നു | 1-1-8 |
| 10 | ഡെപ്പോസിറ്റ് തുകകൾ പൂർണ്ണമായും അക്കൌണ്ട് ചെയ്തിട്ടില്ല | 1-1-9 |
| 11 | വാടക ഡെപ്പോസിറ്റ് പൂർണ്ണമായും അക്കൗണ്ട് ചെയ്തിട്ടില്ല | 1-1-10 |
| 12 | ബജറ്റ് | 1-2 |
| 13 | സാമ്പത്തിക വിശകലനം | 1-3 |
| 14 | ഫണ്ട് വിനിയോഗം | 1-4 |
| 15 | പദ്ധതി അവലോകനം | 1-5 |
| 16 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 17 | സാമൂഹ്യസുരക്ഷാ പദ്ധതികൾ | 1-7 |
| 18 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 19 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 20 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 21 | പണം പിരിവ് - സാംഖ്യാ രസീത് ഉപയോഗിക്കാതെ വർഷം മുഴുവൻ മാന്വൽ രസീത് ഉപയോഗിച്ചു - ക്രമവിരുദ്ധം | 1-11 |
| 22 | വാർഷിക ധനകാര്യപത്രികയിലെ ബി4 പത്രികയിലെ ബാലൻസ് തുകയും ടി ഇനത്തിൽ ബാങ്കിൽ അവശേഷിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല | 1-12 |
| 23 | ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നില്ല | 1-13 |
| 24 | അസിസ്റ്റന്റ് എൻജിനീയറുടെ/ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടുകളിൽ തുക അവശേഷിക്കുന്നു | 1-14 |
| 25 | ഇ ടെണ്ടർ ഫീ തിരികെ ലഭിക്കുന്നത് സംബന്ധിച്ച് | 1-15 |
| 26 | കാലിബാരലിന്റെ വില ഈടാക്കിയിട്ടില്ല. | 1-16 |

| | | |
|---|---|---|
| 27 | കാലി വീപ്പകളുടെ വില തനത് ഫണ്ടിലേക്ക് ക്രഡിറ്റ് ചെയ്യു. | 1-17 |
| 28 | ബ്ലോക്ക് പഞ്ചായത്തിലെ വിവിധ ലൈബ്രറികളുടെ അടിസ്ഥാന വികസനം-പദ്ധതി പൂർത്തീകരിച്ചിട്ടില്ല | 1-18 |
| 29 | വിവിധ വ്യക്തിഗത പദ്ധതികൾ പൂർത്തീകരിച്ചിട്ടില്ല | 1-19 |
| 30 | വിവിധ പദ്ധതികളുടെ വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. | 1-20 |
| 31 | റോഡ് റീടാറിങ്ങ് പ്രവൃത്തിക്ക് അധികം തുക ചെലവഴിച്ചു. | 1-21 |
| 32 | പൂഞ്ഞാർ ഗ്രാമ പഞ്ചായത്ത് 6-ാം വാർഡ് തണ്ണിപ്പാറ കുടിവെള്ള പദ്ധതി-പൂർത്തിയാക്കിയിട്ടില്ല. | 1-22 |
| 33 | തിടനാട് പഞ്ചായത്ത്- വാർഡ് 13 കുടിവെള്ള പദ്ധതി- പൂർത്തിയാക്കിയിട്ടില്ല. | 1-23 |
| 34 | പൂഞ്ഞാർ പഞ്ചായത്ത്- വനിതാ ബോധവൽക്കരണ സെന്റർ നിർമ്മാണം-പൂർത്തിയാക്കിയിട്ടില്ല. | 1-24 |
| 35 | ഇടമറുക് സി എച്ച് സി യ്ക്ക് മരുന്ന്/ഉപകരണങ്ങൾ വാങ്ങൽ - മരുന്നും ഉപകരണങ്ങളും പൂർണ്ണമായും ലഭ്യമായില്ല | 1-25 |
| 36 | നിക്ഷേപ പ്രവൃത്തികളുടെ വിനിയോഗസാക്ഷ്യപത്രം/പൂർത്തീകരണ വിവരം ലഭ്യമാക്കിയിട്ടില്ല. | 1-26 |
| 37 | ഭിന്നശേഷിയുള്ളവർക്ക് മുച്ചക്രവാഹനം നൽകൽ - ഗുണഭോക്താക്കളുടെ ഡ്രൈവിങ്ങ് ലൈസൻസ് ലഭ്യമായില്ല | 1-27 |
| 38 | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠന മുറി - നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല - മറ്റ് അപാകതകൾ | 1-28 |
| 39 | വസ്തുനികുതി കുടിശ്ശിക - പിഴപലിശ ഇനത്തിലുള്ള ചെലവ് നിരാകരിക്കുന്നു. | 1-29 |
| 40 | അക്കൗണ്ടിംഗ് ജോലികൾക്കായി ദിവസ വേതനാടിസ്ഥാനത്തിൽ ആളുകളെ നിയമിച്ച് ക്രമവിരുദ്ധമായി വേതനം നൽകി | 1-30 |
| 41 | ശുചിത്വ സുസ്ഥിരപദ്ധതി- പ്ലാസ്റ്റിക്ക് ഷ്റെഡിങ് യൂണിറ്റ് പ്രവർത്തിക്കുന്നില്ല | 1-31 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | വസ്തുനികുതി കുടിശ്ശിക - പിഴപലിശ ഇനത്തിലുള്ള ചെലവ് നിരാകരിക്കുന്നു. | 3-1 |
| 2 | അക്കൗണ്ടിംഗ് ജോലികൾക്കായി ദിവസ വേതനാടിസ്ഥാനത്തിൽ ആളുകളെ നിയമിച്ച് ക്രമവിരുദ്ധമായി വേതനം നൽകി | 3-2 |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |

| | | |
|---|---|---|
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകളുടെ വിവരങ്ങൾ | 4-8 |
| 9 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1-1 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

26/07/2011-ലെ ജി.ഒ.(എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ബാലൻസ് ഷീറ്റ് ബി-11 ഷെഡ്യൂൾ പ്രകാരമുള്ള ആസ്തികൾ ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തികളാണോ എന്നതിൽ വ്യക്തതയില്ല.

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. ഈരാറ്റുപേട്ട ബ്ലോക്ക്പഞ്ചായത്തിന്റെ 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2024 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 19.07.2024 തീയതിയിലെ 4(1) നം. തീരുമാനം പ്രകാരം അംഗീകരിച്ച് 19.07.2024 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാനൽ അധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോട് കൂടിയ അഭിപ്രായം**

**അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്തിന്റെ 2023-24 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31/03/2024-ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31/03/2024 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.**

**1-1-2 ബ്ലോക്ക് പഞ്ചായത്തിന്റെ ജനറൽ ഫണ്ട്, ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖകളും വിശദീകരണവും ലഭ്യമല്ല.**

31/03/2024 തീയതിയിലെ ബ്ലോക്ക് പഞ്ചായത്തിന്റെ ജനറൽ ഫണ്ട്, ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖകളും വിശദീകരണവും ലഭ്യമല്ല.

**1-1-3 വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ അവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല**

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011 ചട്ടം 58 പ്രകാരം, പഞ്ചായത്ത് ഫണ്ടിലേക്ക് ലഭിച്ച വിവിധ നിക്ഷേപങ്ങളുടെ മുന്നിരിപ്പ്, തൻവർഷ ഇടപാടുകൾ, നീക്കിയിരിപ്പ് എന്നിവ വ്യക്തമാക്കുന്ന ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, സർക്കാർ/മറ്റു സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഒടുക്കാനുള്ള തുകകളുടെ കൃത്യത വ്യക്തമാക്കുന്ന Government/Other ഡ്യൂസ് രജിസ്റ്റർ, പഞ്ചായത്തിന് ലഭിച്ചതും ഫണ്ടിൽ അവശേഷിക്കുന്നതുമായ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ (ബി-4) കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖയായ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, വിവിധ വരവിനങ്ങൾ സംബന്ധിച്ച രജിസ്റ്റർ എന്നിവ ബ്ലോക്ക് പഞ്ചായത്തിൽ തയ്യാറാക്കിയിട്ടില്ല.

**1-1-4 ആസ്തികളുടെ മൂല്യശോഷണം - അക്കൗണ്ട് ചെയ്തതിന്റെ അനുബന്ധരേഖകൾ, കാൽക്കുലേഷൻ ഷീറ്റ് എന്നിവ ലഭ്യമാക്കാത്തതിനാൽ കൃത്യത വ്യക്തമല്ല**

വിവിധ സ്ഥിര ആസ്തികളുടെ മൂല്യശോഷണ ഇനത്തിൽ അക്കൗണ്ട് ചെയ്യപ്പെട്ട തുകകളുടെ അനുബന്ധരേഖകൾ, കാൽക്കുലേഷൻ ഷീറ്റ് എന്നിവ ലഭ്യമാക്കാത്തതിനാൽ ഈ ഇനത്തിൽ നൽകിയിട്ടുള്ള പ്രൊവിഷന്റെ കൃത്യത ഉറപ്പുവരുത്താൻ സാധിക്കുന്നില്ല.

**1-1-5 ബി4 ഷെഡ്യൂളിൽ ഉൾപ്പെട്ട ഇനങ്ങളുടെ നീക്കിയിരിപ്പിൽ പാസ് ബുക്കുമായി വ്യത്യാസം നിൽക്കുന്നു**

ബി4 ഷെഡ്യൂൾ പ്രകാരമുള്ള Grants & Contribution For Specific Purposes ഇനത്തിലെ നീക്കിയിരിപ്പ് ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പുമായി വ്യത്യാസപ്പെട്ടിരിയ്ക്കുന്നു. (ഖ 1-12 ൽ വിശദാംശം ഉൾപ്പെടുത്തിയിട്ടുണ്ട്.)

**1-1-6 ഡെപ്പോസിറ്റ്, അഡ്വാൻസ് തുകകളുടെ ആധികാരികത വ്യക്തമല്ല**

23-24 വർഷത്തെ ഡെപ്പോസിറ്റ്, അഡ്വാൻസ് തുകകളുടെ വിനിമയം രജിസ്റ്ററുകളുടേയും രേഖകളുടേയും അഭാവത്തിൽ പരിശോധിയ്ക്കാൻ സാധിച്ചില്ല

**1-1-7 വാടക- ഡിമാന്റ്/കളക്ഷൻ/ബാലൻസ് തുക കണക്കാക്കിയതിൽ വ്യത്യാസം**

23-24 വർഷം രസീത് പ്രകാരം ഈടാക്കിയ മുറികളുടെ വാടക തുക, വാടക രജിസ്റ്ററിലെ DCB, വാർഷിക ധനകാര്യ പത്രികയിലെ വാടകയുടെ DCB എന്നിവയുമായി വ്യത്യാസപ്പെട്ടിരിക്കുന്നു. രസീത് പരിശോധിച്ചതിൽ 23-24 വർഷത്തെ വാടകവരവ് പൂർണ്ണമായും ഈടാക്കിയിട്ടുള്ളതും കുടിശ്ശിക ഇല്ലാത്തതുമാണ്. ഡിസിബി കൃത്യമായി തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി വാർഷിക കണക്കിൽ ഉൾപ്പെടുത്തേണ്ടതാണ്.

**1-1-8 CFC ഗ്രാന്റ് വിനിമയം വാർഷിക കണക്കുമായി വ്യത്യാസപ്പെട്ടിരിക്കുന്നു**

CFC ഗ്രാന്റ് നീക്കിയിരിപ്പ് – ബി4 ഷെഡ്യൂളും (1196238/- രൂപ) 40(ബി) ഷെഡ്യൂളും (17,89,274/-) തമ്മിൽ വ്യത്യാസം നിൽക്കുന്നു.

**1-1-9 ഡെപ്പോസിറ്റ് തുകകൾ പൂർണ്ണമായും അക്കൌണ്ട് ചെയ്തിട്ടില്ല**

പ്രോജക്റ്റ് നം.60/24 പ്രകാരം 50,000/- രൂപ. ഗ്രൌണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിലും പ്രോജക്റ്റ് നം.89/24 പ്രകാരം 22712/- രൂപ കെൽട്രോണിലും ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയത് മുൻകൂർ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിട്ടില്ല.

**1-1-10 വാടക ഡെപ്പോസിറ്റ് പൂർണ്ണമായും അക്കൗണ്ട് ചെയ്തിട്ടില്ല**

03.12.2023 ൽ വാടക നിക്ഷേപമായി ലഭിച്ച (മുറി നം. 33) 6,000/- രൂപ വാടക നിക്ഷേപം ആയി അക്കൗണ്ട് ചെയ്തിട്ടില്ല.

**1-2 ബജറ്റ്**

2023-24 വർഷത്തെ ബജറ്റ് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 16.03.23 തീയതിയിലെ നം.1(1) തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 22.01.2024 ലെ 1(1) നം. തീരുമാന പ്രകാരവും പുതുക്കി അംഗീകരിച്ചു. ബജറ്റ്, പുതുക്കിയ ബജറ്റ് എന്നിവ പ്രകാരമുള്ള വരവ് ചെലവ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| മുന്നിരിപ്പ് | 1627210 | 1627210 |
| വരവ് | 312208830 | 301244730 |
| ആകെ | 313836040 | 302871940 |
| ചെലവ് | 310718714 | 301043600 |
| നീക്കിയിരിപ്പ് | 3117326 | 1828340 |

2023-24 വർഷത്തെ പുതുക്കിയ ബജറ്റ് പ്രകാരം പ്രതീക്ഷിത വരവ് 30.12 കോടി രൂപയായിരിക്കെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ പ്രകാരമുള്ള ആകെ വരുമാനം 3.75 കോടി രൂപ മാത്രമാണ്. തൻവർഷത്തെ പ്രതീക്ഷിത ചെലവ് 30.1 കോടി രൂപ ആയിരിക്കെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ പ്രകാരമുള്ള ആകെ ചെലവ് 4.5 കോടി രൂപ മാത്രമാണ്. ഇപ്രകാരം ബജറ്റ് തുകകളിൽ നിന്ന് താരതമ്യത്തിന് അതീതമായ വ്യതിയാനം നിലനിൽക്കുന്ന സാഹചര്യത്തിൽ ബ്ലോക്ക് പഞ്ചായത്ത് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി ക്രോഡീകരിച്ച് തയ്യാറാക്കുന്ന ബജറ്റ് രേഖ ധനവിനിയോഗ നിയന്ത്രണത്തിനും സമാഹരണത്തിനുമുള്ള ശാസ്ത്രീയമായ രീതി എന്ന തരത്തിൽ പ്രയോജനപ്പെടുന്നില്ല. കേവലം നിയമവ്യവസ്ഥയുടെ അനുവർത്തനത്തിനുമാത്രമായി ബജറ്റ് നടപടിക്രമങ്ങൾ ഏറ്റെടുക്കുന്ന പ്രവണത ഒഴിവാക്കപ്പെടേണ്ടതാണ്.

**1-3 സാമ്പത്തിക വിശകലനം**

**റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം**

| | |
|---|---|
| മുന്നിരിപ്പ് | 8118562 |
| ഓഡിറ്റ് വർഷത്തെ വരവ് | 44015858 |
| ആകെ | 52134420 |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 48457757 |
| നീക്കിയിരിപ്പ് | 3676663 |

**ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം**

| ഇനം | തുക |
|---|---|
| ആകെ വരുമാനം | 37494716 |
| ആകെ ചെലവ് | 45085434 |
| വരുമാന നഷ്ടം | (7590718) |
| മുൻകാല അക്കൗണ്ടിംഗ് ക്രമീകരണം (Prior Period Adjustment) | (19) |
| അറ്റ പ്രവർത്തന നഷ്ടം | (7590699) |

**ഓഡിറ്റ് സംക്ഷിപ്തം**

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം (ചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (സർചാർജ് ചെയ്യാവുന്നത്) | 19634/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 10998156/- |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | പ്രാരംഭ ബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായതുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 21883000 | 21883000 | 16029345 | 5853655 | 73.25 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 4686000 | 4686000 | 2902969 | 1783031 | 61.95 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 3583000 | 3583000 | 2362960 | 1220040 | 65.95 |
| മെയിന്റനൻസ് ഗ്രാന്റ്, നോൺ-റോഡ് | 0 | 2780000 | 2780000 | 2777408 | 2592 | 99.91 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -ടൈഡ് | 1148770 | 2717500 | 3866270 | 5603215 | -1736945 | |

| | | | | | | |
|---|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -അൺടൈഡ് | 3081413 | 3741020 | 6822433 | 3889246 | 2933187 | |

1. വികസന ഫണ്ട്, പൊതുവിഭാഗം, എസ്.സി.പി, റ്റി.എസ്.പി, മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് എന്നീ ഫണ്ടുകളുടെ 23-24 വർഷത്തെ യഥാർത്ഥ ചെലവ് എസിആറിലെ രേഖപ്പെടുത്തലുമായി വ്യത്യാസപ്പെട്ടിരിക്കുന്നു. ബിൽ ഡിഡക്റ്റിംഗ് സിസ്റ്റത്തിലും ക്യൂ ബിൽ ആയും ബിൽ ഉണ്ടായതാണ് വ്യത്യാസത്തിന് കാരണം.
2. സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റിന്റെ 22-23 വർഷത്തെ കണക്കുകളിൽ വ്യത്യാസം ഉണ്ട്. ബാങ്ക് പാസ് ബുക്ക് പ്രകാരം 2023-24 ലെ മുൻബാക്കി കണക്കാക്കി സെക്രട്ടറി ഹാജരാക്കിയ വിനിമയ വിശദാംശങ്ങളാണ് ഖണ്ഡികയിൽ ചേർത്തിട്ടുള്ളത്. 22-23 ലെ നീക്കിയിരിപ്പിലുണ്ടായ, ബാങ്ക് ബുക്ക് പാസ് ബുക്ക് തമ്മിലുള്ള പൊരുത്തക്കേടുകൾ കൃത്യമാക്കിയിട്ടില്ല. വിശദമായ പരിശോധനയിലൂടെ മാത്രമെ കണക്കുകൾ കൃത്യമാക്കാൻ സാധിക്കുകയുള്ളു.
3. സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-അൺടൈഡ് വരവിനത്തിൽ പലിശയിനത്തിലുള്ള 1,18,020/- രൂപ കൂടി ഉൾപ്പെടുന്നുണ്ട്.
4. CFC ഗ്രാന്റ് ടൈഡ് ഇനത്തിൽ മുകളിൽ ചേർക്കും പ്രകാരം വരവിൽ കൂടുതൽ ചെലവ് വന്നതിനാൽ അൺടൈഡ് ഫണ്ടിനത്തിൽ നിന്നും 17,36,945/- രൂപ ടൈഡ് ഫണ്ട് പ്രോജക്ടുകൾക്ക് വേണ്ടി ചെലവഴിച്ചിട്ടുണ്ട്.
5. CFC ഗ്രാന്റ് ബി4 ഷെഡ്യൂളും (1196238/- രൂപ) 40(ബി) ഷെഡ്യൂളും (17,89,274/-) തമ്മിൽ വ്യത്യാസം നിൽക്കുന്നു. വ്യത്യാസം (5,93,0326/- രൂപ) വിശദീകരിച്ചിട്ടില്ല. വ്യത്യാസമായുള്ള തുകയുടെ വിശദാംശം സംബന്ധിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.
6. പ്രത്യേകോദ്ദേശ്യ ഫണ്ടുകളുടെ വിനിയോഗം രേഖപ്പെടുത്തുന്ന രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ അത്തരം ഫണ്ടുകളുടെ വിനിയോഗം ചേർത്തിട്ടില്ല.
7. പഞ്ചായത്ത് കമ്പ്യൂട്ടർ വൽക്കരണത്തിനായി 1,36,628/- രൂപ വാർഷിക ധനകാര്യ പത്രികയിൽ ചെലവ് രേഖപ്പെടുത്തിയെങ്കിലും ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

മേൽ അപാകതകൾക്ക് വിധേയമായാണ് ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം (അനുബന്ധം 2) പുറപ്പെടുവിക്കുന്നത്.

## 1-5 പദ്ധതി അവലോകനം

ബ്ലോക്ക് പഞ്ചായത്തിന്റെ 2023-24 വാർഷിക പദ്ധതിയ്ക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 31.03.2023 ലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം ഭരണാനുമതി നൽകി. ജില്ലാ ആസൂത്രണസമിതിയുടെ 29.01.24ലെ 83898/23/DPC/DPO/KTM നമ്പർ ഉത്തരവ് പ്രകാരം വാർഷിക പദ്ധതിക്ക് അന്തിമാംഗീകാരം ലഭിച്ചിട്ടുണ്ട്. വാർഷികപദ്ധതി ആസൂത്രണ പ്രക്രിയയുടെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| ഘട്ടം | തീയതി |
|---|---|
| വർക്കിംഗ് ഗ്രൂപ്പ് പുനസംഘടന | 1(1)/ 12.01.2023 |
| വർക്കിംഗ് ഗ്രൂപ്പുകൾ ചേർന്ന തീയതി | 18.01.2023 |
| പദ്ധതിരൂപീകരണ | 25.01.2023 |

| | |
|---|---|
| ഗ്രാമസഭകൾ | |
| ആസൂത്രണസമിതി യോഗം | 06.01.2023 |
| വികസനസെമിനാർ | 24.02.2023 |

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 128 | 85872337 | 95 | 38898318 | 33 | 74.21 |

വിവിധ നിർവ്വഹണോദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണോദ്യോഗസ്ഥൻ | എറ്റെടുത്ത പ്രോജക്ടുകളുടെ എണ്ണം | ആകെ അടങ്കൽ | തൻവർഷം തുക ചെലവഴിച്ചിട്ടുള്ള പ്രോജക്ടുകളുടെ എണ്ണം | ആകെ ചെലവ് |
|---|---|---|---|---|
| സി.ഡി.പി.ഒ | 3 | 2275000 | 3 | 1683488 |
| ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി | 38 | 35975245 | 24 | 11296308 |
| ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | 2 | 1420000 | 2 | 401904 |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, ഇടമറുക് | 10 | 5138049 | 10 | 2756550 |
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 2 | 2450000 | 2 | 832973 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 3 | 6100000 | 3 | 1211733 |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ | 2 | 550000 | 2 | 336640 |
| അസിസ്റ്റന്റ് എൻജിനീയർ | 68 | 31964043 | 49 | 20378722 |
| **ആകെ** | **128** | **85872337** | **95** | **38898318** |

**8859318/- രൂപ സഞ്ചിത നിധിയിലേയ്ക്ക് തിരിച്ചെടുത്തു.**

2023-24 വർഷം ബ്ലോക്ക് പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി ലഭ്യമായ ഗ്രാന്റ് തുകകൾ പൂർണ്ണമായും ചെലവഴിക്കാൻ സാധിക്കാത്തതിനാൽ വിവിധ ഫണ്ടിനങ്ങളിലായി ആകെ 8859318/- രൂപ സഞ്ചിത നിധിയിലേയ്ക്ക് തിരിച്ചെടുത്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | ബജറ്റ് വിഹിതം | ചെലവഴിച്ച തുക | സഞ്ചിത നിധിയിലേയ്ക്ക് തിരികെ ഈടാക്കിയത് |
|---|---|---|---|
| വികസന ഫണ്ട് | 21883000 | 16029345 | 5853655 |

| | | | |
|---|---|---|---|
| (പൊതുവിഭാഗം) | | | |
| വികസന ഫണ്ട് (എസ്.സി.പി) | 4686000 | 2902969 | 1783031 |
| വികസന ഫണ്ട് (ടി.എസ്.പി) | 3583000 | 2362960 | 1220040 |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 2780000 | 2777408 | 2592 |
| **ആകെ** | | | **8859318** |

വിനിയോഗ ലക്ഷ്യത്തിൽ 80%ൽ കുറവായ തുകയാണ് ഷോർട്ട് ഫോളായി നഷ്ടപ്പെടുന്നതെങ്കിലും ക്യാരിഓവർ വിഹിതം തുടർവർഷത്തിൽ ലഭിക്കാത്ത പക്ഷം സഞ്ചിത നിധിയിലേക്ക് തിരികെ എടുക്കപ്പെട്ട മുഴുവൻ തുകയും നഷ്ടമാകാനുള്ള സാധ്യത നിലനിൽക്കുന്നു.

<u>എസ്.സി.പി/ടി.എസ്.പി ഫണ്ട് വിനിയോഗത്തിലെ കുറവ് – തുടർവർഷത്തിൽ പരിഹാര വകയിരുത്തൽ നടത്തേണ്ട സാഹചര്യം</u>

ഈ റിപ്പോർട്ടിലെ ഖണ്ഡിക 1-4 ൽ പരാമർശിച്ചിട്ടുള്ളത് പ്രകാരം പ്രത്യേക ഘടക പദ്ധതി ഫണ്ട് (TSB) വിനിയോഗത്തിലും തൻവർഷം 80% എന്ന മിനിമം വിനിയോഗ ലക്ഷ്യം കൈവരിച്ചിട്ടില്ല. തന്മൂലം തൻവർഷം കുറവ് വന്നതിന് ആനുപാതികമായ തുക തുടർവർഷം പൊതു വിഭാഗം ഫണ്ടിൽ നിന്ന് കുറവ് ചെയ്ത് എസ്.സി.പി/ടി.എസ്.പി വിഭാഗത്തിൽ അധികമായി വകയിരുത്തേണ്ടി വരും. അതത് വർഷത്തെ വിനിയോഗ ലക്ഷ്യം ഉറപ്പാക്കേണ്ടതും തുടർ വർഷങ്ങളിൽ പരിഹാര വകയിരുത്തൽ നടത്തേണ്ടി വരുന്നത് മൂലമുള്ള അസന്തുലിതാവസ്ഥ ഒഴിവാക്കേണ്ടതുമാണ്.

<u>വാർഷിക പദ്ധതി – പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ കാര്യക്ഷമതയില്ല</u>

തൻവർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ മതിയായ കാര്യക്ഷമത ഉറപ്പാക്കാനായിട്ടില്ല. വിവിധ പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ഈ റിപ്പോർട്ടിലെ വിവിധ ഖണ്ഡികകളിലായി പരാമർശിച്ചിട്ടുള്ളത് കാണുക. വിവിധങ്ങളായ കുടിവെള്ള പദ്ധതികൾക്കായി താരതമ്യേന കൂടിയ തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും പദ്ധതിയുടെ എല്ലാ ഘട്ടങ്ങളും പൂർത്തിയാക്കി സുഗമമായ വിധം കുടിവെള്ളം വിതരണം ചെയ്യാൻ കഴിയുന്ന വിധം അന്തിമമായി പൂർത്തിയാക്കിയിട്ടില്ല. വിവിധ ഗ്രാമ പഞ്ചായത്തുകളിലൂടെ ജലജീവൻ മിഷൻ പ്രവൃത്തികൾ വിപുലമായ രീതിയിൽ ഏറ്റെടുത്ത് വരുന്ന സാഹചര്യത്തിൽ ഇതുമായി ഏകോപനമില്ലാത്ത രീതിയിൽ ബ്ലോക്ക് പഞ്ചായത്ത് തനത് പ്രോജക്ടുകൾ നിർവ്വഹിക്കേണ്ടി വരുന്ന സാഹചര്യം വ്യക്തമല്ല.

ഡെപ്പോസിറ്റ്/ഫണ്ട് കൈമാറൽ പ്രോജക്ടുകൾ പ്രകാരമുള്ള അതത് വർഷത്തെ ചെലവുകൾ ഉൾപ്പെടുത്തി വരുന്നുണ്ടെങ്കിലും ഇവയുടെ വിനിയോഗ വിശദാംശങ്ങളും ഭൗതികനേട്ടം ആർജ്ജിച്ചതിന്റെ വിവരങ്ങളും കൃത്യമായി ലഭ്യമാകുന്നില്ല.

കാർഷിക/ക്ഷീര വികസന മേഖലയിൽ ബ്ലോക്ക് പഞ്ചായത്ത് വ്യക്തിഗത പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്ത് വ്യക്തിഗത പ്രോജക്ടുകളുടെ നിർവ്വഹണം ഏറ്റെടുക്കുന്നത് പരിമിതപ്പെടുത്താവുന്നതാണ്.

അംഗീകാരം കിട്ടിയ പല പ്രോജക്ടുകളും നടപ്പാക്കാതിരുന്നതും, നടപ്പാക്കിയവ സമയബന്ധിതമായി പൂർത്തീകരിക്കാതിരുന്നതുമാണ് മേൽപ്പറഞ്ഞ പ്രകാരം ബ്ലോക്ക് പഞ്ചായത്തിന് 88 ലക്ഷത്തിലധികം രൂപ നഷ്ടമാകാനിടയായത്. വികസന പ്രവർത്തനങ്ങൾക്കായി ലഭിക്കുന്ന സർക്കാർ ധനസഹായം വിനിയോഗത്തിലെ കുറവ് മൂലം നഷ്ടമാകുന്ന സാഹചര്യം ഭാവിയിൽ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

**മോണിറ്ററിംഗ് ഫലപ്രദമായിരുന്നില്ല**

അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇപ്രകാരമുള്ള മോണിറ്ററിംഗ് റിപ്പോർട്ട് എല്ലാ പ്രോജക്ടുകളോടൊപ്പവും സൂക്ഷിച്ചിട്ടില്ല. പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ മേൽനോട്ടസംവിധാനം ഫലപ്രദമായിരുന്നില്ലെന്ന് ഇത് സൂചിപ്പിക്കുന്നു. ഇക്കാര്യം ഭരണസമിതിയുടെയും സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പ് പദ്ധതി പ്രകാരം ബ്ലോക്ക് പഞ്ചായത്തിൽ പ്രവൃത്തികൾ ഒന്നും നടപ്പാക്കുന്നില്ല. തൊഴിലുറപ്പ് പദ്ധതിയുടെ ബ്ലോക്ക് ലെവൽ ജീവനക്കാരുടെ ശമ്പളം മറ്റ് ഓഫീസ് ചെലവുകൾ എന്നീ വിനിമയങ്ങൾ മാത്രമാണ് നടത്തുന്നത്. ആയതിന്റെ വിശദാംശങ്ങൾ കാഷ് ബുക്ക് പ്രകാരമുള്ളത് താഴെ ചേർക്കുന്നു.

| ഇനം | തുക |
|---|---|
| മുന്നിരിപ്പ് | 109346.96 |
| വരവ് | 589384 |
| ആകെ | 698730.96 |
| ചെലവ് | 695548 |
| നീക്കിയിരിപ്പ് | 3182.96 |

ബ്ലോക്ക് പ്രോഗ്രാം ഓഫീസർ എന്ന നിലയിലാണ് ടി വിനിമയങ്ങൾ നടത്തുന്നത്. ആയതിനാൽ ഈ കണക്കുകൾ ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷിക കണക്കിൽ ഉൾപ്പെടുന്നില്ല.

## 1-7 സാമൂഹ്യസുരക്ഷാ പദ്ധതികൾ

ബ്ലോക്ക് പഞ്ചായത്ത് മുഖാന്തിരം തൻവർഷം സാമൂഹ്യ സുരക്ഷാ പദ്ധതികൾ ഒന്നും തന്നെ നിർവ്വഹിക്കപ്പെട്ടിട്ടില്ല.

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 06.09.2024 തീയതിയിൽ 03.05 പി എം സമയത്ത് നടത്തിയെങ്കിലും അന്നേ ദിവസം ക്യാഷ് വരവുണ്ടായിരുന്നില്ല.

## 1-9 ആഭ്യന്തരനിയന്ത്രണം

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 172(1)-ാം വകുപ്പ് പ്രകാരമുള്ള നാലാം പട്ടികയിൽ അനുശാസിച്ചിട്ടുള്ള പൊതു/മേഖലാടിസ്ഥാനത്തിലുള്ള ചുമതലകൾ കാര്യക്ഷമമായി നിർവ്വഹിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്തിൽ നിലനിൽക്കുന്ന ആഭ്യന്തര നിയന്ത്രണ സംവിധാനം മെച്ചപ്പെടുത്തേണ്ടതുണ്ട്. നാലാം പട്ടികയിൽ വിവരിച്ചിട്ടുള്ള ചുമതലകൾ നിർവ്വഹിക്കാൻ പര്യാപ്തമായവിധം വാർഷിക പദ്ധതി ആസൂത്രണ/രൂപീകരണ/നിർവ്വഹണ ഘട്ടങ്ങൾ ചിട്ടപ്പെടുത്തേണ്ടതുണ്ട്.

ബ്ലോക്ക് പഞ്ചായത്തിന്റെ ബജറ്റ് രൂപീകരണം, ബജറ്റ് ഡോക്യുമെന്റിന്റെ കൃത്യത ഉറപ്പാക്കൽ, ബജറ്ററി കൺട്രോൾ എന്നീ നടപടിക്രമങ്ങൾ നിയമാനുസൃതവും കാര്യക്ഷമവും ആകേണ്ടതുണ്ട്. കൂടാതെ ഫണ്ട് വിനിയോഗത്തിലെ കാര്യക്ഷമതയും തദനുസരണമായ ഭൗതീകനേട്ടം ആർജിക്കുന്നതിലെ പുരോഗതിയും

ഉറപ്പാക്കേണ്ടതുണ്ട്.

വാർഷിക ധനകാര്യപത്രികയിലെ വിവിധ ഷെഡ്യൂളുകൾ പ്രതിഫലിപ്പിക്കുന്ന തുകകളുടെ കൃത്യത ഉറപ്പാക്കുന്നതിനുള്ള സപ്പോർട്ടിങ്ങ് രജിസ്റ്ററുകൾ (Deposit Register, Advance Register, Civil Advance Register, Dues To Government And Other Institution Register, DCB Registers മുതലായവ) സൂക്ഷിക്കാത്തതും, അപൂർണ്ണമായി സൂക്ഷിക്കുമന്നതുമായ രീതിയാണ് പിന്തുടരുന്നത്.

ബ്ലോക്ക് പഞ്ചായത്തിലെയും കൈമാറ്റം ചെയ്യപ്പെട്ട ഓഫീസുകളിലെയും മനുഷ്യശേഷി കൃത്യമായി ഉപയോഗപ്പെടുത്തേണ്ടതുണ്ട്. ബ്ലോക്ക് പഞ്ചായത്തിലെ അക്കൗണ്ടിങ് നടപടികളിൽ ന്യൂനത നിലനിൽക്കുന്നുണ്ട്. അക്കൗണ്ട്സ് വിഭാഗം ഉദ്യോഗസ്ഥർ സ്വയം പര്യാപ്തതയോടെ ആവശ്യമായ ദൈനംദിന അക്കൗണ്ടിങ് നടപടികളും ക്രമീകരണങ്ങളും നടത്താത്തത് മൂലം ഇതിനായി ദിവസ വേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയോഗിക്കേണ്ടി വന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 21.08.24-02.09.24 | 2014-2024 | LBA(HQ)IV/8A-2060/55 തീയതി: 14.08.2024 |
| പെർഫോർമൻസ് ഓഡിറ്റ് | 20.12.2023 | 20.12.24-31.03.24 | 05/DPAW /ktm/2022 /08.3.23 |

## 1-11 പണം പിരിവ് - സാംഖ്യാ രസീത് ഉപയോഗിക്കാതെ വർഷം മുഴുവൻ മാനുവൽ രസീത് ഉപയോഗിച്ചു - ക്രമവിരുദ്ധം

ജി.ഓ.(പി.)നം.245/2022/LSGD/തീയതി 13.10.2011 പ്രകാരം സാംഖ്യ ഓൺലൈൻ പ്രാബല്യത്തീയതി മുതൽ മാനുവൽ ആയി തയ്യാറാക്കുന്ന രജിസ്റ്ററുകളും രസീതുകളും അസ്വീകാര്യമാണ്. ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്തിലെ 2023-24 വർഷത്തെ വരവ് പരിശോധിച്ചതിൽ വർഷം മുഴുവൻ ഉള്ള എല്ലാ പണം വരവുകളും മാനുവൽ രസീത് പ്രകാരം ഈടാക്കി അക്കൗണ്ടിൽ മാനുവൽ ആയി രേഖപ്പെടുത്തൽ നടത്തിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടു. പ്രസ്തുത നടപടി നിലവിലെ നടപടിക്രമങ്ങളിൽ പാലിക്കേണ്ട രീതികളുടെ വ്യക്തമായ ലംഘനമാണ്. ഇക്കാര്യത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരും മേൽ നോട്ട ചുമതലയുള്ള ഉദ്യോഗസ്ഥരും ഗൗരവ സ്വഭാവമുള്ള വീഴ്ച്ച വരുത്തി.

2011 ലെ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം സാംഖ്യ രസീത് നൽകാതെ അസാധുവായ രീതിയിൽ നിലവിൽ പണം ഈടാക്കുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പ് നം.5/10.09.24 ന് മറുപടി ലഭ്യമാക്കിയില്ല. സാംഖ്യാ രസീത് ഉപയോഗിക്കാതിരുന്നതിന് കാരണം വ്യക്തമാക്കിയിട്ടില്ല.

മേൽ സർക്കാർ ഉത്തരവ് പ്രകാരമുള്ള രീതികൾ അനുവർത്തിക്കുന്നതിൽ ഗുരുതരമായ വീഴ്ച്ച വരുത്തിയത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതും തുടർ നടപടി വിവരം അറിയിക്കേണ്ടതുമാണ്.

## 1-12 വാർഷിക ധനകാര്യപത്രികയിലെ ബി4 പത്രികയിലെ ബാലൻസ് തുകയും ടി ഇനത്തിൽ

**ബാങ്കിൽ അവശേഷിയ്ക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല**

2023-24 വർഷത്തെ വാർഷിക ധനകാര്യപത്രിക ബി4 ഷെഡ്യൂൾ പ്രകാരം Grants & Contribution For Specific Purposes ഇനത്തിലെ നീക്കിയിരിപ്പിൽ ചുവടെ ചേർക്കും പ്രകാരം വ്യത്യാസം ഉള്ളതായി കാണുന്നു.

| | വാർഷിക ധനകാര്യപത്രിക ബി 4 ഷെഡ്യൂൾ പ്രകാരം ബാലൻസ് (രൂപ) | ബ്ലോക്ക് പഞ്ചായത്ത് അക്കൗണ്ട് പ്രകാരം ബാലൻസ് (40(ബി) പ്രകാരം) | വ്യത്യാസം |
|---|---|---|---|
| Centrally Sponsored Scheme- Indira Awas Yojana (IAY) - | 927574 | 901457 | 26117 |
| Centrally Sponsored Scheme- Total Sanitation Campaign (TSC) | 206252 | 234961 | 28709 |
| Grants, Funds & Contributions For Specific Purposes - Other Central Government Grants - Health Grant | 1990794 | 866963 | 1123831 |
| Literacy Scheme Grant | 3761 | 9345 | 5584 |

2) Contributions For Other Specific Purposes (For Revenue Expenditure)- From Village Panchayats എന്ന ഇനത്തിൽ അക്കൗണ്ടിൽ നിൽക്കുന്ന 76,42,855/- രൂപയുടെ വിശദാംശം പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ടി വിഷയത്തിന് വിശദീകരണത്തിന് നൽകിയ എൻക്വയറി നം.19/12.09.24 ന് മറുപടി ലഭ്യമാക്കിയില്ല.

**1-13 ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിയ്ക്കുന്നില്ല**

ബ്ലോക്ക് പഞ്ചായത്തിന്റെ 31/03/2024 ലെ ബാലൻസ് ഷീറ്റ് B-7 ഷെഡ്യൂൾ പ്രകാരം 7,10,180/- രൂപ നിക്ഷേപമിനത്തിൽ ബാധ്യതയായി അവശേഷിക്കുന്നുണ്ട്. പ്രസ്തുത നിക്ഷേപങ്ങളുടെ ഓരോ ശീർഷകത്തിലെയും 01/04/2023 ലെ മുന്നിരിപ്പ് വിശദാംശം (ഒടുക്കിയ വ്യക്തി/സ്ഥാപനം, ഒടുക്കിയ കാലയളവ്, ഉദ്ദേശ്യം/പ്രോജക്ട്, പ്രോജക്ട് പൂർത്തിയാക്കിയ തീയതി) എന്നീ വിവരങ്ങൾ ചേർത്ത്

ഡെപ്പോസിറ്റ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല എന്നതിനാൽ കാലഹരണപ്പെട്ട നിക്ഷേപങ്ങൾ കണ്ടെത്താൻ സാധിച്ചിട്ടില്ല. 2011-കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം-33, 58(3)(എ) എന്നിവ പ്രകാരം ഡെപ്പോസിറ്റ് രജിസ്റ്റർ മുന്നിരിപ്പ് വിശദാംശം ഉൾപ്പടെ തയ്യാറാക്കി സാമ്പത്തിക വർഷാവസാനം ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതായിരുന്നു. ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിപ്പിലെ അപാകത മൂലം വാടക നിക്ഷേപം ഒഴികെയുള്ള കാലഹരണപ്പെട്ട നിക്ഷേപങ്ങൾ ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടാനും സാധിച്ചില്ല. ഡെപ്പോസിറ്റ് രജിസ്റ്റർ നിശ്ചിത മാതൃകയിൽ മുന്നിരിപ്പ് വിശദാംശം ക്യാരി ഓവർ ചെയ്ത് തയ്യാറാക്കേണ്ടതും തൻവർഷ ഇടപാടുകളും സാമ്പത്തിക വർഷത്തെ സംക്ഷിപ്തവും സെക്രട്ടറി സാക്ഷ്യപ്പെടുത്തി തയ്യാറാക്കി സൂക്ഷിയ്ക്കേണ്ടതാണ്. കാലഹരണപ്പെട്ട നിക്ഷേപം ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ അനുമതിയോടെ മുതൽക്കൂട്ടേണ്ടതാണ്.

**<u>അഡ്വാൻസ് രജിസ്റ്റർ സൂക്ഷിപ്പിലെ അപാകതകൾ</u>**

ബ്ലോക്ക് പഞ്ചായത്ത് വിവിധ ഇനങ്ങളിലായി മുൻകൂർ കൊടുക്കുന്ന തുകകൾ, ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് വിവിധ ഏജൻസികളിൽ നൽകുന്ന തുകകൾ എന്നിവയുടെ ഓരോ സാമ്പത്തിക വർഷത്തെയും മുന്നിരിപ്പ് വിശദാംശം, തൻവർഷ ഇടപാടുകൾ എന്നിവ ചേർത്ത് നിശ്ചിത മാതൃകയിലുള്ള അഡ്വാൻസ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. 2011-കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം-32, 58(4)(ഡി) എന്നിവ പ്രകാരം മുൻകൂർ രജിസ്റ്റർ സാമ്പത്തിക വർഷാവസാനം ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. 2023-24 വർഷം നിക്ഷേപ പ്രവൃത്തിയായി വിവിധ പ്രോജക്ടുകൾ പ്രകാരം ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്, കെൽട്രോൺ എന്നിവയിലേയ്ക്ക് ആകെ 1,21,010/- രൂപ നിക്ഷേപിച്ചിട്ടുണ്ട്. വാർഷിക ധനകാര്യ പത്രിക പ്രകാരം 48,298/- രൂപയാണ് ഡെപ്പോസിറ്റായി ചേർത്തിരിയ്ക്കുന്നത്. മുൻകൂറുകളുടെ കൃത്യമായ വിവരങ്ങൾ സൂക്ഷിക്കാതിരിക്കുന്നത് മേൽചട്ടങ്ങളുടെ ലംഘനത്തിനും മുൻകൂർ തുകയുടെ ക്രമീകരണത്തിൽ അവ്യക്തതയ്ക്കും മേൽവിവരിച്ച പ്രകാരമുള്ള അക്കൗണ്ടിങ്ങ് അപാകതകൾക്കും ഇടയാക്കുന്നു. അഡ്വാൻസ് രജിസ്റ്റർ നിശ്ചിത മാതൃകയിൽ 2023-24 വർഷത്തേത് മുന്നിരിപ്പ് വിശദാംശം ക്യാരി ഓവർ ചെയ്ത് തയ്യാറാക്കി സാമ്പത്തിക വർഷത്തെ ഇടപാടുകളുടെ സംക്ഷിപ്തം സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിയ്ക്കേണ്ടതാണ്.

**<u>1-14 അസിസ്റ്റന്റ് എൻജിനീയറുടെ/ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടുകളിൽ തുക അവശേഷിക്കുന്നു</u>**

ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്തിലെ LID & EW സബ് ഡിവിഷൻ അസിസ്റ്റന്റ് എൻജിനീയറുടെ പേരിൽ എസ്. ബി. ഐ ഈരാറ്റുപേട്ട ടൗൺ ബ്രാഞ്ചിലുള്ള കറന്റ് അക്കൗണ്ടിൽ (അക്കൗണ്ട് നം. 40025688239). 19.02.2024 ൽ 1800150 രൂപ നീക്കിയിരിപ്പുള്ളതായി കാണുന്നു. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ എസ്. ബി. ഐ ഈരാറ്റുപേട്ട ടൗൺ ബ്രാഞ്ചിലുള്ള സേവിംഗ് ബാങ്ക് അക്കൗണ്ടിൽ (അക്കൗണ്ട് നം. 67361700764). 05.10.2022 ൽ 444557 രൂപ നീക്കിയിരിപ്പുള്ളതായി കാണുന്നു. ഈ അക്കൗണ്ടുകളിലെ തുകകൾ ഏതേത് ഇനത്തിലുള്ളതാണെന്ന് വ്യക്തമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 21/12.09.24-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രികയിൽ പ്രതിഫലിക്കാത്ത അക്കൗണ്ടുകളിൽ കൂടി സാമ്പത്തിക വിനിമയം തുടരുന്നതും പ്രസ്തുത അക്കൗണ്ടിലെ നീക്കിയിരിപ്പ് തുകയുടെ ഘടകങ്ങൾ നിർണ്ണയിക്കാത്തതും ക്രമവിരുദ്ധ നടപടികളാണ്. അക്കൗണ്ടിൽ അവശേഷിക്കുന്ന തുകയുടെ ഇന വിവരം നിശ്ചയിച്ച് ഉടൻ തന്നെ ബന്ധപ്പെട്ട വ്യക്തികൾക്ക്/ സ്ഥാപനങ്ങൾക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-15 ഇ ടെണ്ടർ ഫീ തിരികെ ലഭിക്കുന്നത് സംബന്ധിച്ച്**

ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്തിന്റെ 2023-24 വാർഷിക പദ്ധതിയിൽ അസിസ്റ്റന്റ് എൻജിനീയർ നടപ്പാക്കിയ മരാമത്ത് പ്രവൃത്തികൾ ഇ ടെണ്ടർ വഴിയാണ് നടപ്പാക്കിയത്. ഇ ടെണ്ടർ വഴി നടപ്പാക്കിയ പ്രവൃത്തികളുടെ ടെണ്ടർ ഫീ, LID & EW വിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിലാണ് ക്രഡിറ്റ് ചെയ്യപ്പെട്ടിട്ടുള്ളത്. എന്നാൽ ടെണ്ടർ ഫീ ബ്ലോക്ക് പഞ്ചായത്തിന്റെ തനത് വരുമാനമായതിനാൽ പഞ്ചായത്ത് ഫണ്ടിലേക്ക് ലഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 3/10.9.24-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ടെണ്ടർ ഫീ ഇനത്തിൽ ബ്ലോക്ക് പഞ്ചായത്തിന് ലഭിക്കുവാനുള്ള തുക ലഭിക്കുന്നതിന് നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

**1-16 കാലിബാരലിന്റെ വില ഈടാക്കിയിട്ടില്ല.**

ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്തിന്റെ 2023-24 വാർഷിക പദ്ധതിയിൽ ധനകാര്യ കമ്മീഷൻ ഗ്രാന്റ് വകയിരുത്തി നടപ്പാക്കിയ താഴെപ്പറയുന്ന റോഡ് റീടാറിംഗ് പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പായ്ക്ക്ഡ് ബിറ്റുമിന്റെ നിരക്ക് ഉൾപ്പെടുത്തിയാണ് തയ്യാറാക്കിയിരുന്നത്. എന്നാൽ ബില്ലിൽ നിന്നും കാലി ബാരലിന്റെ വില ഈടാക്കുകയോ ബാരൽ തിരികെ ബ്ലോക്ക് പഞ്ചായത്തിൽ ഏൽപ്പിക്കുകയോ ചെയ്തിരുന്നില്ല.
കാലി ബാരലുകൾ കേടുപാടുകൾ കൂടാതെ തിരിച്ച് നല്കിയില്ലെങ്കിൽ ബാരലൊന്നിന് 238/-രൂപയും 18% ജി.എസ്.റ്റിയും ഈടാക്കാവുന്നതാണ്.

| ക്രമ നം | പ്രവൃത്തി വിശദാംശങ്ങൾ | ഉപയോഗിച്ച ബിറ്റുമിൻ ബാരലുകളുടെ എണ്ണം | ഈടാക്കേണ്ടിയിരുന്ന തുക |
|---|---|---|---|
| 1 | 111/24 ചിറ്റാറ്റിൻകര മൂന്നാംതോട് ആശ്രമം റോഡ് റീ ടാറിംഗ് കരാറുകാരൻ- അനിൽ കുര്യാക്കോസ്, തയ്യിൽ കാരമുള്ളിൽ, ചെമ്മലമറ്റം | 14 | ബാരൽ വില 3332/- ജി.എസ്.ടി 18%- 600/- |

ബാരൽവില ഈടാക്കാത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 22/12.09.2024-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ബാരൽ വിലയും ജി.എസ്.ടിയും ഈടാക്കി ധനകാര്യ കമ്മീഷൻ ഗ്രാന്റ് അക്കൗണ്ടിൽ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

**1-17 കാലി വീപ്പകളുടെ വില തനത് ഫണ്ടിലേക്ക് ക്രഡിറ്റ് ചെയ്യൂ.**

ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്തിൽ 2023-24 വർഷം അസിസ്റ്റന്റ് എൻജിനീയർ നടപ്പാക്കിയ റോഡ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കാലി വീപ്പകളുടെ വില പെനാൽടീസ് & ഫൈൻ എന്ന ശീർഷകത്തിൽ

കുറവ് ചെയ്ത് സെക്രട്ടറിയുടെ പേരിലുള്ള ട്രഷറി അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്തതായി കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് നം/ പേര് | കുറവ് ചെയ്ത കാലി വീപ്പകളുടെ വില |
|---|---|---|
| 1 | 34/24<br>തലപ്പലം ഡിവിഷൻ<br>അമ്പാറ ദീപ്തി റോഡ് റീ ടാറിംഗ്<br>വികസന ഫണ്ട്, തനത് ഫണ്ട് | 7670 |
| 2 | 50/24<br>തലനാട് ഡിവിഷൻ<br>ബാലവാടി പാറേക്കയം ചൊവ്വൂർ റോഡ് ടാറിംഗ്<br>വികസന ഫണ്ട് (TSP) | 8555 |
| 3 | 132/24<br>മേലുകാവ് പഞ്ചായത്ത്<br>ചേലക്കുന്ന് കളപ്പുരപ്പാറ സ്കൂൾ ഭാഗം റോഡ് ടാറിംഗ്<br>വികസന ഫണ്ട്, തനത് ഫണ്ട് | 4055 |
| | **ആകെ** | **20280** |

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 30.10.2007 ലെ 59827/എഫ്.എം/ 07 നമ്പർ സർക്കുലർ പ്രകാരം കരാറുകാരുടെ ബില്ലിൽ നിന്നും ഈടാക്കുന്ന കാലി വീപ്പകളുടെ വില ഏത് ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് അതേ ഫണ്ടിൽ തിരികെ ഒടുക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ ടാറിംഗ്/ റീടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കുറവ് ചെയ്ത കാലി വീപ്പകളുടെ വില തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നത് ക്രമപ്രകാരമല്ല. അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 2/10.9.24-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. തനത് ഫണ്ടിൽ ക്രഡിറ്റ് ചെയ്ത കാലി വീപ്പകളുടെ വില ടാർ വാങ്ങിയ അതേ ഫണ്ടിൽ തിരികെ ഒടുക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-18 ബ്ലോക്ക് പഞ്ചായത്തിലെ വിവിധ ലൈബ്രറികളുടെ അടിസ്ഥാന വികസനം-പദ്ധതി പൂർത്തീകരിച്ചിട്ടില്ല**

ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ വിവിധ ലൈബ്രറികളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് 116102 രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ടെങ്കിലും പദ്ധതി പ്രകാരം വിഭാവനം ചെയ്ത ഉപകരണങ്ങൾ ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 12/24 |
| അടങ്കൽ<br>വികസന ഫണ്ട്<br>തനത് ഫണ്ട് | 483898<br>116102 |
| **ആകെ** | **600000** |

ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്ത് വാർഷിക പദ്ധതി 2023-24 പദ്ധതിയിലുൾപ്പെടുത്തി ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ 8 പബ്ലിക് ലൈബ്രറികളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് 600000 രൂപ വകയിരുത്തി. ടി തുകയിൽ തനത് ഫണ്ടിൽ നിന്നും വിവിധ ഉപകരണങ്ങൾ വാങ്ങുന്നതിനായി 116102 രൂപ പദ്ധതി നടത്തിപ്പിനായി തിരഞ്ഞെടുത്ത ആൻടികോം സിസ്റ്റംസ് (ഇൻഡ്യാ) പ്രൈവറ്റ് ലിമിറ്റഡ് റാന്നി എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട് (ബിൽ നം.344/24.03.23). എന്നാൽ ടി തുക നൽകിയതല്ലാതെ ലൈബ്രറിയിലേക്ക് സാധനങ്ങൾ ലഭ്യമായിട്ടില്ല. തുടർ നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (11/11.09.23) മറുപടി ലഭ്യമാക്കിയിട്ടില്ല. ടി സാഹചര്യത്തിൽ ചെലവഴിച്ച 116102 രൂപ തടസ്സപ്പെടുത്തുന്നു. ഓഡിറ്റ് തടസ്സം പരിഹരിക്കാനാവശ്യമായ രേഖകൾ ഹാജരാക്കേണ്ടതും പരാമർശിത ലൈബ്രറികളുടെ രജിസ്ട്രേഷൻ, ഗ്രേഡിങ്ങ്, മറ്റ് തലങ്ങളിൽ പ്രസ്തുത ലൈബ്രറികൾക്ക് ധനസഹായം/ഗ്രാന്റ് ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം എന്നിവ ലഭ്യമാക്കേണ്ടതുമാണ്.

## 1-19 വിവിധ വ്യക്തിഗത പദ്ധതികൾ പൂർത്തീകരിച്ചിട്ടില്ല

സെക്രട്ടറി നടപ്പിലാക്കിയ പി.എം.എ.വൈ ഭവനപദ്ധതി -(ടി.എസ്.പി, എസ്.സി.പി, ജനറൽ)

പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി, ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന ആളുകൾക്ക് വീടിനോട് ചേർന്ന് പ്രത്യേക മുറി നിർമ്മിച്ചു നൽകൽ തുടങ്ങിയ നിർമ്മാണ പ്രവർത്തികൾ നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**1.പി.എം.എ.വൈ (ലൈഫ്) ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.**

ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്ത് പി.എം.എ.വൈ ഭവന നിർമ്മാണം പദ്ധതി പ്രകാരം വിവിധ ഗഡുക്കളിലുള്ള തുക കൈപ്പറ്റിയിട്ടുണ്ടെങ്കിലും നാളിതുവരെ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ലാത്ത ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവ് | തുക | കൈപ്പറ്റിയ തിയതി |
|---|---|---|
| സുമതി നാരായണൻ<br>പൊടിപാറയിൽ<br>തലനാട്(എസ്.റ്റി) | 05.02,2022 | 48000 |
| | 02.10.2022 | 48000 |
| | 05.10.2022 | 64000 |
| | 26.10.2022 | 98000 |
| | 15.02.2023 | 48000 |
| | 28.02.2023 | 100000 |
| | 21.07.2023 | 100000 |
| | 24.07.2023 | 70000 |
| **ആകെ** | | **576000** |
| ജയലക്ഷ്മി.എം | 05.02 2022 | 48000 |

| | | |
|---|---|---|
| തീക്കോയി എസ്റ്റേറ്റ് തീക്കോയി-(-എസ്.സി) | | |
| | 04.05.2022 | 64000 |
| **ആകെ** | | 112000 |
| അനിത സന്തോഷ് കൊച്ചരിപ്പാറയിൽ തലനാട്-ജനറൽ | ആദ്യ ഗഡു | 48000 |
| | 20.10.2023 | 112000 |
| | 07.03.2024 | 70000 |
| | 23.07.2024 | 98000 |
| **ആകെ** | | **328000** |
| ശാന്തമ്മ മധു മാടവനശ്ശേരിയിൽ പൂഞ്ഞാർ-(എസ്.സി) | 05.02.2022 | 48000 |
| | 31.03.2022 | 48000 |
| | 18.07.2022 | 64000 |
| **ആകെ** | | **160000** |
| രാജേഷ് സുകുമാരൻ കൊച്ചുവീട്ടിൽ പൂഞ്ഞാർ തെക്കേക്കര-(എസ്.സി) | 05.02.2022 | **48000** |
| **ആകെ** | | **48000** |

**2. പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം-പൂർത്തിയാക്കുവാൻ അവശേഷിക്കുന്നു.**

| | |
|---|---|
| പ്രോജക്ട് നമ്പർ | 87/24 |
| അടങ്കൽ | 1025000 |
| ചെലവ് | 675000 |

ടി പദ്ധതി പ്രകാരം പഠന മുറി നിർമ്മാണ ആരംഭിച്ച രണ്ടു ഗുണഭോക്താക്കൾക്ക് വേണ്ടിയുള്ള നിർമ്മാണ പ്രവർത്തനം പൂർത്തിയാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവ് | കൈപ്പറ്റിയ തിയതി | കൈപ്പറ്റിയ തുക |
|---|---|---|
| അനഘ മധു മഞ്ചപ്ലാക്കൽ കളത്തുക്കടവ് | 08.03.2023 | 50000 |
| | 04.07.2023 | 75000 |
| ആകെ | | **125000** |

**3. ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന ആളുകൾക്ക് അവരുടെ വീടിനോട് ചേർന്ന് പ്രത്യേക മുറി നിർമ്മിച്ചു നൽകൽ.**

| | |
|---|---|
| പ്രോജക്ട് | 93/24 |

| | |
|---|---|
| നമ്പർ | |
| അടങ്കൽ | 640836 (തനത് ഫണ്ട്) |
| ചെലവ് | 350000 |

ഷീന കുര്യാക്കോസ്, തീക്കോയി എന്ന ഗുണഭോക്താവിന് വേണ്ടിയുള്ള നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. തുക നൽകിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| 23.02.2023 | 50000 |
| 09.03.2023 | 75000 |
| **ആകെ** | **125000** |

മേൽ പറഞ്ഞ എല്ലാ ഗുണഭോക്താക്കളുടെയും നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തിരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**<u>1-20 വിവിധ പദ്ധതികളുടെ വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.</u>**

വിവിധ ഗ്രാമ പഞ്ചായത്തുകളിലെ പ്രോജക്ടുകൾക്കായി ബ്ലോക്ക് വിഹിതം അനുവദിച്ച് നല്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത പ്രോജക്ടുകളുടെ വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രങ്ങൾ ലഭിച്ചിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു. മാർഗ്ഗരേഖയിൽ ഉൾപ്പെടാത്ത ഇനത്തിൽ ധനസഹായം അനുവദിച്ചതിൽ സർക്കാർ സാധൂകരണം വാങ്ങേണ്ടതാണ്.

| പ്രോജക്ട് നമ്പർ | പ്രോജക്ട് | അടങ്കൽ | ചെലവഴിച്ച തുക | റിമാർക്സ് |
|---|---|---|---|---|
| 147/24 | പൂഞ്ഞാർ പഞ്ചായത്ത് 8 വാർഡ് പുളിക്കപ്പാലം കരിമാലിയിൽ റോഡ് പുനരുദ്ധാരണം | 120000 | 115702 (ബിൽ നമ്പർ 314/25.03.24) | സുലേഖ പത്രിക പ്രകാരം 120000 രൂപ ചെലവഴിച്ചിട്ടുണ്ട്. |
| 96/24 | തിടനാട് പഞ്ചായത്ത് കാളകെട്ടി പൊട്ടൻകുളം നെടിയപ്പാല റോഡ് ടാറിംഗ് | 336158 (വികസന ഫണ്ട്) | 336158 (ബിൽ നമ്പർ- 51/11.07.23) | വിനിയോഗ വിവരം ലഭ്യമായിട്ടില്ല. |
| 21/24 | പൂഞ്ഞാർ ഡിവിഷൻ വിവിധ വാർഡുകളിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 450000 (വികസന ഫണ്ട്) 10000 (മറ്റുള്ളവ) | 450000 (വികസന ഫണ്ട്) (ബിൽ നമ്പർ- 300/25.03.24) | വിനിയോഗ വിവരം ലഭ്യമായിട്ടില്ല. |
| 20/24 | പൂഞ്ഞാർ ഗ്രാമ പഞ്ചായത്ത് ജലജീവൻ മിഷന് സ്ഥലം വാങ്ങൽ | 700000വികസന ഫണ്ട്) 10000 (മറ്റുള്ളവ) | 405000 (ബിൽ നമ്പർ- 246/20.03.24) | വിനിയോഗ വിവരം ലഭ്യമായിട്ടില്ല. |
| 127/24 | ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്ത് | 375000 (വികസന ഫണ്ട്) | 160000 (ബിൽ നമ്പർ- | ടി പദ്ധതി പ്രകാരം ഏതെല്ലാം |

| | | | | |
|---|---|---|---|---|
| | പരിധിയിലെ ഗ്രാമപഞ്ചായത്തുകളിലെ വിവിധ ഭാഗങ്ങളിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | | 315/25.03.24) | പഞ്ചായത്തുകൾക്കാണ് വിഹിതം നൽകിയതെന്ന് വ്യക്തമല്ല. കൂടാതെ പദ്ധതിയുടെ പൂർത്തീകരണ വിവരം ലഭ്യമായിട്ടുമില്ല. |
| 15/24 | പി.എം.എ.വൈ ബ്ലോക്ക് വിഹിതം നൽകൽ (ജനറൽ) | 3987200 (വികസന ഫണ്ട്) | 3987200 | ചെലവഴിച്ച തുകയിൽ 12000 രൂപയുടെ ട്രഷറി ബില്ലുകൾ ലഭ്യമായിട്ടില്ല. കൂടാതെ ചെലവ് തുകയുടെ വിനിയോഗ വിവരവും ലഭ്യമല്ല. |
| 18/24 | ലൈഫ് .പി.എം.എ.വൈ ഭവനപദ്ധതി -ബ്ലോക്ക് വിഹിതം നൽകൽ | 1268200 (എസ്.സി.പി) | 1268200 | വിനിയോഗ വിവര ലഭ്യമല്ല. |
| **ആകെ** | | | **6722260** | |

വിനിയോഗ വിവരം ലഭ്യമാക്കാത്ത സാഹചര്യത്തിൽ മേൽ പരാമർശിച്ച പദ്ധതികൾക്കായി ചെലവഴിച്ച തുകകൾ തടസ്സപ്പെടുത്തുന്നു.

**1-21 റോഡ് റീടാറിങ്ങ് പ്രവൃത്തിക്ക് അധികം തുക ചെലവഴിച്ചു.**

പ്രോജക്ട് നം. 34/24
തലപ്പലം ഡിവിഷൻ അമ്പാറ ദീപ്തി റോഡ് റീ ടാറിംഗ്
നിർവ്വഹണോദ്യോഗസ്ഥൻ- അസിസ്റ്റന്റ് എൻജിനീയർ
അടങ്കൽ- 863236 രൂപ ( 763236രൂപ - വികസന ഫണ്ട് + 100000 രൂപ - തനത് ഫണ്ട്)
ചെലവ്- 863236 രൂപ

ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്തിന്റെ 2023-24 വാർഷിക പദ്ധതിയിൽ നടപ്പാക്കിയ മേൽ പ്രോജക്ടിന്റെ ചെലവ് വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ബിൽ നം./ തീയതി | ചെലവ് തുക (രൂപ) | ഫണ്ടിനം |
|---|---|---|
| 31/23-24/ 6.3.24 | 763236 | വികസന ഫണ്ട് |
| സാംഗ്ഷൻ ഓർഡർ നം. 260/ 27.2.24 | 100000 | തനത് ഫണ്ട് |

| | | |
|---|---|---|
| ആകെ | **863236** | |

എന്നാൽ പ്രൈസ് സോഫ്റ്റ്‌വെയറിൽ നിന്നുള്ള ഇ ബിൽ പ്രകാരമുള്ള ആകെ ചെലവഴിക്കാവുന്ന തുക 860490 രൂപ മാത്രമാണ്. അതായത് 2746 രൂപ (863236 - 860490) അധികച്ചെലവുണ്ടായി. അപാകത സംബന്ധിച്ച് ഓഡിറ്റിൽ വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 1/9.9.24-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത തുക അധിക ചെലവായി കണക്കാക്കുന്നു. വിശദീകരണത്തിന്റെ അഭാവത്തിൽ 2746 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഇക്കാര്യത്തിൽ തൃപ്തികരമായ വിശദീകരണം ലഭ്യമാക്കുകയോ അല്ലാത്ത പക്ഷം തുക ബന്ധപ്പെട്ട കരാറുകാരനിൽ നിന്നും ഈടാക്കുകയോ ചെയ്യേണ്ടതാണ്.

## 1-22 പൂഞ്ഞാർ ഗ്രാമ പഞ്ചായത്ത് 6-ാം വാർഡ് തണ്ണിപ്പാറ കുടിവെള്ള പദ്ധതി- പൂർത്തിയാക്കിയിട്ടില്ല.

പ്രോജക്റ്റ് നം. 97/24
അടങ്കൽ- 537480 രൂപ ( ധനകാര്യ കമ്മീഷൻ ഗ്രാന്റ് )
ചെലവ്- 537480 രൂപ ( ബിൽ നം. 121/18.10.23 )
നിർവ്വഹണോദ്യോഗസ്ഥൻ- അസിസ്റ്റന്റ് എൻജിനീയർ.

പൂഞ്ഞാർ ഗ്രാമ പഞ്ചായത്തിലെ 6-ാം വാർഡിൽ തണ്ണിപ്പാറ കുടിവെള്ള പദ്ധതിയ്ക്ക് നിലവിൽ കുളം നിർമ്മിച്ചിട്ടുള്ളതാണ്. കുളത്തിന്റെ വശങ്ങൾ കല്ല് കെട്ടി സംരക്ഷിക്കുന്നതിനാണ് പ്രോജക്റ്റ് നടപ്പാക്കിയത്. പ്രോജക്റ്റ് പ്രകാരം കുളത്തിന്റെ 4 വശങ്ങളിലും 3 മീറ്റർ ഉയരത്തിൽ കല്ല് കെട്ടിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി ടാങ്ക്, പമ്പ് ഹൗസ്, പമ്പിംഗ് മെയിൻ എന്നിവ സ്ഥാപിച്ചിട്ടുള്ളതായി സ്ഥലപരിശോധനയിൽ ബോദ്ധ്യപ്പെട്ടു. മോട്ടർ സ്ഥാപിക്കൽ, വൈദ്യുതീകരണം, വിതരണലൈൻ സ്ഥാപിക്കൽ, എന്നീ ഇനങ്ങൾ ചെയ്ത് കുടിവെള്ള പദ്ധതി പൂർത്തിയാക്കുന്നതിന് തുടർ പ്രോജക്റ്റുകൾ ഏറ്റെടുത്തിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 17/12.9.24-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ജൽ ജീവൻ മിഷൻ പ്രവർത്തനങ്ങൾ വിപുലമായി രീതിയിൽ ഏറ്റെടുത്ത് വരുന്ന സാഹചര്യത്തിൽ ബ്ലോക്ക് പഞ്ചായത്ത് പ്രത്യേകമായി കുടിവെള്ള പദ്ധതി ഏറ്റെടുത്ത സാഹചര്യം വ്യക്തമല്ല. ഇക്കാര്യത്തിൽ വിശദീകരണം ലഭ്യമാക്കേണ്ടതും കുടിവെള്ള പദ്ധതി അന്തിമമായി പൂർത്തിയാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. അത് വരെ 537480 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-23 തിടനാട് പഞ്ചായത്ത്- വാർഡ് 13 കുടിവെള്ള പദ്ധതി- പൂർത്തിയാക്കിയിട്ടില്ല.

തിടനാട് പഞ്ചായത്ത് 13-ാം വാർഡിൽ കുടിവെള്ള പദ്ധതി നിർമ്മിക്കുന്നതിനായി തൻവർഷം 2 പ്രോജക്റ്റുകൾ ഏറ്റെടുത്തു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.
നിർവ്വഹണോദ്യോഗസ്ഥൻ – അസിസ്റ്റന്റ് എഞ്ചിനീയർ

| പ്രോജക്റ്റ് നം/ പേര് | അടങ്കൽ | ചെലവ് | ചെയ്ത ഇനങ്ങൾ |
|---|---|---|---|
| 64/24 തിടനാട് പഞ്ചായത്ത്- വാർഡ് 13 കുടിവെള്ള പദ്ധതി പൈപ്പ് | 900000 (700000- ധനകാര്യ കമ്മീഷൻ ഗ്രാന്റ് + 200000- തനത് | 751182 രൂപ (700000രൂപ- ധനകാര്യ കമ്മീഷൻ ഗ്രാന്റ്- ബിൽ നം. | ചിറ്റാറിന്റെ തീരത്ത് നിലവിലുണ്ടായിരുന്ന കുളത്തിന്റെ വശങ്ങൾ കല്ല് കെട്ടി സംരക്ഷിക്കുന്നതിനുള്ള പ്രവൃത്തികൾ. |

| | | | |
|---|---|---|---|
| ലൈൻ, മോട്ടർ സ്ഥാപിക്കൽ അനുബന്ധ പ്രവർത്തനങ്ങൾ | ഫണ്ട്) | 313/23.3.24) 51182രൂപ- (തനത് ഫണ്ട്- ബിൽ നം. 328/24.3.24) | |
| 98/24 തിടനാട് പഞ്ചായത്ത്- വാർഡ് 13 കുടിവെള്ള പദ്ധതി | 1014046 (660702- വികസന ഫണ്ട് + 126672- ധനകാര്യ കമ്മീഷൻ ഗ്രാന്റ് + 226672- തനത് ഫണ്ട്) | 887374 രൂപ (660702 രൂപ, വികസന ഫണ്ട്- ബിൽ നം. 85/12.9.23) 226672 രൂപ, തനത് ഫണ്ട്- (ബിൽ നം. 86/12.9.23- 100000 രൂപ, ബിൽ നം. 247/21.2.24- 80000 രൂപ, ബിൽ നം. 248/21.2.24- 46672രൂപ) | 79000 ലിറ്റർ കപ്പാസിറ്റിയുള്ള ഓവർഹെഡ് കോൺക്രീറ്റ് ടാങ്ക്. |

മോട്ടർ, പമ്പ് ഹൗസ്, പമ്പിംഗ് മെയിൻ, വിതരണലൈൻ, വൈദ്യുതീകരണം തുടങ്ങിയ പ്രവൃത്തികൾ ചെയ്തിട്ടില്ല. ആയതിന് തുടർ പ്രോജക്ടുകൾ ഏറ്റെടുത്തിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 20/ 12.9.24-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ജൽ ജീവൻ മിഷൻ പ്രവർത്തനങ്ങൾ വിപുലമായി രീതിയിൽ ഏറ്റെടുത്തു വരുന്ന സാഹചര്യത്തിൽ ബ്ലോക്ക് പഞ്ചായത്ത് പ്രത്യേകമായി കുടിവെള്ള പദ്ധതി ഏറ്റെടുത്ത സാഹചര്യം വ്യക്തമല്ല. ഇക്കാര്യത്തിൽ വിശദീകരണം ലഭ്യമാക്കേണ്ടതും കുടിവെള്ള പദ്ധതി അന്തിമമായി പൂർത്തിയാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. അത് വരെ മേൽ രണ്ട് പ്രോജക്ടുകൾക്കായി ആകെ ചെലവഴിച്ച 1638556/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-24 പൂഞ്ഞാർ പഞ്ചായത്ത്- വനിതാ ബോധവൽക്കരണ സെന്റർ നിർമ്മാണം- പൂർത്തിയാക്കിയിട്ടില്ല.**

പൂഞ്ഞാർ പഞ്ചായത്ത് 2-ാം വാർഡിൽ മറ്റക്കാട് അംഗൻവാടി കെട്ടിടത്തിന്റെ മുകളിൽ ട്രസ് വർക്ക് ചെയ്ത് വനിതാ ബോധവൽക്കരണ സെന്റർ നിർമ്മിക്കുന്നതിനായി തൻവർഷം ബ്ലോക്ക് പഞ്ചായത്ത് 2 പ്രോജക്ടുകൾ ഏറ്റെടുത്തു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രോജക്ട് നം/ പേര് | അടങ്കൽ | ചെലവ് | ചെയ്ത ഇനങ്ങൾ |
|---|---|---|---|
| 47/24 | 408714 | 408714 | ട്രസ് |

| | | | |
|---|---|---|---|
| പൂഞ്ഞാർ പഞ്ചായത്ത്- വനിതാ ബോധവൽക്കരണ സെന്റർ നിർമ്മാണം | (338884- വികസന ഫണ്ട് + 69830- തനത് ഫണ്ട്) | (338884- വികസന ഫണ്ട്- ബിൽ നം. 242/19.2.24 + 69830- തനത് ഫണ്ട്- ചെക്ക് നം. 978770/23.2.24) | വർക്ക് ചെയ്ത് ഷീറ്റ് റൂഫിംഗ് നടത്തി |
| 148/24 പൂഞ്ഞാർ പഞ്ചായത്ത്- വനിതാ ബോധവൽക്കരണ സെന്റർ നിർമ്മാണം പൂർത്തീകരണം. | 250000 (200000- വികസന ഫണ്ട് + 50000- തനത് ഫണ്ട്) | തൻവർഷം ചെലവില്ല | തറ ടൈൽ പാകൽ, ഹാൻഡ് റെയിൽ നിർമ്മിച്ചു. |

സെന്ററിന്റെ സീലിംഗ്, വൈദ്യുതീകരണം തുടങ്ങിയ പ്രവൃത്തികൾ ചെയ്തിട്ടില്ല. ആയതിന് തുടർ പ്രോജക്ടുകൾ ഏറ്റെടുത്തിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 15/11.9.24-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. വനിതാ ബോധവൽക്കരണ സെന്റർ നിർമ്മാണം പൂർത്തിയാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെട്ട പ്രോജക്ട് എന്ന നിലയിൽ കേവലം കെട്ടിട നിർമ്മാണത്തിൽ പരിമിതപ്പെടാതെ വനിതകൾക്ക് പ്രത്യക്ഷത്തിൽ പ്രയോജനം സിദ്ധിക്കുന്ന പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്. അതുവരെ 408714 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-25 ഇടമറുക് സി എച്ച് സി യ്ക്ക് മരുന്ന്/ഉപകരണങ്ങൾ വാങ്ങൽ - മരുന്നും ഉപകരണങ്ങളും പൂർണ്ണമായും ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ, ഇടമറുക് സി എച്ച് സി നിർവ്വഹണം നടത്തിയ മരുന്നും അനുബന്ധ സാമഗ്രികളും വാങ്ങൽ പ്രോജക്ടുകൾക്കായി തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും മരുന്നും അനുബന്ധ സാമഗ്രികളും പൂർണ്ണമായും ലഭിച്ചിട്ടില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ,പേര് | അടങ്കൽ, ഫണ്ടിനം | ആകെ ചെലവ് തുക | മരുന്ന് ലഭ്യമാകാത്ത ചെലവ് തുകകൾ |
|---|---|---|---|
| 01/24 സെക്കണ്ടറി പാലിയേറ്റീവ് കെയർ | 488770/- വികസന ഫണ്ട് (ജനറൽ) 11230/- MGNR | 465196/- | 60302/- ബിൽ നം. 203/16.01.2024 |
| 03/24 ഇടമറുക് സി | 800000/- മെയിന്റനൻസ് ഫണ്ട് | 445432/- | 264797/- ബിൽ നം. |

| | | | |
|---|---|---|---|
| എച്ച് സി യിലെ മരുന്ന് വാങ്ങൽ | (റോഡിതരം) | | 159/16.03.2023 |
| 06/24 ഗുരുതര കിഡ്നി രോഗബാധിതർ ക്യാൻസർ രോഗികൾ എന്നിവർക്ക് മരുന്നും അനുബന്ധ സാമഗ്രികളും ചിലവുകളും | 50000/- വികസനഫണ്ട്(ജനറൽ) 1000000/- മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 444567/- | 50495/- ബിൽ നം. 160/29.11.2023 |
| | **ആകെ** | **1355195/-** | **375594/-** |

മേൽ പ്രോജക്ടുകളുടെ ഭാഗമായി മരുന്നും അനുബന്ധ സാമഗ്രികളും വാങ്ങലിനായി 1355195/- രൂപ കെ.എം.എസ്.സി.എൽ, എന്ന ഏജൻസി സ്ഥാപനത്തിന് നൽകിയെങ്കിലും 979601/- രൂപയുടെ മരുന്നുകളും ഉപകരണങ്ങളും മാത്രമേ ഇതുവരെയും ലഭ്യമായിട്ടുള്ളു. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (നം. 13/ 11.09.2024) മറുപടിയായി മരുന്ന് ലഭ്യമാക്കുന്നതിനായി കെ എം എസ് സി എൽ - ന് കത്ത് നൽകിയിട്ടുണ്ടെന്ന് അറിയിച്ചു. മുൻകൂറായി തുക നൽകിയിട്ടും അവശ്യ മരുന്നുകൾ യഥാസമയം ലഭ്യമാവാത്ത അവസ്ഥ ആശാസ്യമല്ല. മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-26 നിക്ഷേപ പ്രവൃത്തികളുടെ വിനിയോഗസാക്ഷ്യപത്രം/പൂർത്തീകരണ വിവരം ലഭ്യമാക്കിയിട്ടില്ല.**

2023-24 വർഷം ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്തിൽ അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ താഴെ ചേർക്കുന്ന നിക്ഷേപ പ്രവൃത്തികളുടെ വിനിയോഗസാക്ഷ്യപത്രം/പൂർത്തീകരണ വിവരം ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം | പ്രോജക്ട് നം/പേര് | നിക്ഷേപിച്ച തുക | ബിൽ നം/തീയതി | തുക നിക്ഷേപിച്ച സ്ഥാപനം |
|---|---|---|---|---|
| 1 | 78/24 തീക്കോയി പീപ്പിൾസ് ലൈബ്രറി റീഡിംഗ് റൂം കുഴൽകിണർ നിർമ്മാണം | 48298 (ധനകാര്യ കമ്മീഷൻ ഗ്രാന്റ് ) | വൗച്ചർ നം. XVFC/23-24 /P/20/ 19.03.24 | ഭൂജലവകുപ്പ് കോട്ടയം ജില്ലാ ഓഫീസ് |
| 2 | 60/24 വളളുക്ക് ഡിവിഷൻ വിവിധ വാർഡുകളിൽകുഴൽകിണർ നിർമ്മാണം | 50000 (തനത് ഫണ്ട് ) | 302/ 18.3.24 | ഭൂജലവകുപ്പ് കോട്ടയം ജില്ലാ ഓഫീസ് |

| | | | | |
|---|---|---|---|---|
| | ആകെ | 98298 | | |

മേൽ പ്രവൃത്തികളുടെ വിനിയോഗസാക്ഷ്യപത്രം/പൂർത്തീകരണ വിവരം ലഭ്യമായിട്ടുണ്ടെങ്കിൽ ഓഡിറ്റിൽ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 16/11.9.24-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. പൂർത്തീകരണ വിവരവും വിനിയോഗസാക്ഷ്യപത്രവും ഭൗതിക നേട്ടം ആർജ്ജിച്ചതിന്റെ വിവരവും ലഭ്യമാക്കുന്നത് വരെ 98298 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-27 ഭിന്നശേഷിയുള്ളവർക്ക് മുച്ചക്രവാഹനം നൽകൽ - ഗുണഭോക്താക്കളുടെ ഡ്രൈവിങ് ലൈസൻസ് ലഭ്യമായില്ല

ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 2 (2)/14.02.2024 നം. തീരുമാനം പ്രകാരം, ഭിന്നശേഷിയുള്ളവർക്ക് മുച്ചക്രവാഹനം നൽകൽ എന്ന പദ്ധതിയിൽ 4 ഗുണഭോക്താക്കളെ ഉൾപ്പെടുത്തി അംഗീകാരം നൽകുകയും, ഗുണഭോക്താക്കൾക്കായി മുച്ചക്ര വാഹനം വാങ്ങുന്നതിന് ചൈൽഡ് ഡെവലപ്മെന്റ് പ്രോജക്ട് ഓഫീസറെ ചുമതലപ്പെടുത്തി തീരുമാനിക്കുകയും ചെയ്തു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം./പേര് | 49/2023-24<br>ഭിന്നശേഷിക്കാർക്ക് മുച്ചക്ര വാഹനം |
| ഫണ്ട് | വികസന ഫണ്ട് - ജനറൽ<br>അടങ്കൽ : 8,00,000/-<br>ചെലവ് : 4,24,000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ചൈൽഡ് ഡെവലപ്മെന്റ് പ്രോജക്ട് ഓഫീസർ, സാമൂഹ്യനീതി വകുപ്പ് |
| ബിൽ നം. | 289/11.03.2024 : 3,04,866/-<br>209/16.05.2024 : 1,19,134/- |
| കെൽട്രോൺ ഇൻവോയ്സ് നം. | P 160W/02.03.2024 : 3,04,866/-<br>P 161W/02.03.2024 : 1,19,134/- |

മേൽ പ്രോജക്ട് പ്രകാരം കെൽട്രോണിൽ നിന്നും സൈഡ് വീൽ ഉൾപ്പടെയുള്ള 4 Hero Destini 125 CC സ്കൂട്ടറുകൾ വാങ്ങി ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ പഞ്ചായത്തുകളിലുള്ള ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്. സ്കൂട്ടർ 1 എണ്ണത്തിന് 1,06,000/- രൂപ നിരക്കിൽ 4 എണ്ണത്തിനായി 4,24,000/- രൂപ ചെലവഴിച്ചു. സ്കൂട്ടറുകൾ കൈപ്പറ്റിയ 4 ഗുണഭോക്താക്കളും നാളിതുവരെയും ഡ്രൈവിങ് ലൈസൻസ് എടുത്തിട്ടുള്ളതായി കാണുന്നില്ല.

| ഗുണഭോക്താവ് | ഗ്രാമപഞ്ചായത്ത് | കൈപ്പറ്റിയ സ്കൂട്ടർ-രജിസ്റ്റർ നം./തീയതി | ലേണേഴ്സ് ലൈസൻസ് നം. | ലേണേഴ്സ് ലൈസൻസ് കാലാവധി |
|---|---|---|---|---|
| ജുവൽ ഫ്രാൻസിസ് ചെങ്ങഴശ്ശേരിൽ | തലനാട് | KL 35 M 4704 14/03/2024 | KL35/0008483/2023 RTO-Pala | 24/11/2023 മുതൽ 23/05/2024 |

| | | | | |
|---|---|---|---|---|
| | | | | വരെ |
| ഷെല്ലി ബെന്നി കല്ലോലിക്കൽ | തീക്കോയി | KL 35 M 4735 14/03/2024 | KL35/0009116/2023 RTO-Pala | 26/12/2023 മുതൽ 25/06/2024 വരെ |
| അശ്വിൻ സനൽ പന്തപ്ലാക്കൽ | തലപ്പലം | KL 35 M 4755 14/03/2024 | KL35/0008524/2023 RTO-Pala | 27/11/2023 മുതൽ 26/05/2024 വരെ |
| രാജേഷ് എം പി പള്ളിക്കത്താഴെ | തിടനാട് | KL 35 M 4780 14/03/2024 | KL35/0000247/2024 RTO-Pala | 10/01/2024 മുതൽ 09/07/2024 വരെ |

ഡ്രൈവിങ്ങ് ലൈസൻസ് എടുക്കാതെ ഗുണഭോക്താക്കൾക്ക് വാഹനം അനുവദിച്ചതിനാൽ ഭിന്നശേഷിക്കാർക്ക് സ്വയം തൊഴിലിന് സഹായം എന്ന പ്രോജക്ടിന്റെ ലക്ഷ്യം കൈവരിക്കുന്നില്ല. ലൈസൻസ് ഇല്ലാതെയാണോ നിലവിലും വാഹനം കൈവശം വച്ചിരിക്കുന്നത് എന്നത് സംബന്ധിച്ച് വ്യക്തതയില്ല . അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.7/07.09.2024) നൽകിയതിന് ഗുണഭോക്താക്കൾ നിലവിൽ ഡ്രൈവിങ്ങ് ലൈസൻസ് എടുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചതായും ലൈസൻസ് ലഭിക്കുന്ന മുറയ്ക്ക് ഓഡിറ്റിൽ റിപ്പോർട്ട് ചെയ്യുന്നതാണെന്നും ശിശു വികസന പ്രോജക്ട് ഓഫീസർ അറിയിച്ചു. സ.ഉ (കൈ) നം. 45/2022/LSGD, തീയതി. 28.05.2022 നമ്പർ സബ്സിഡി മാർഗ്ഗരേഖ, ഖണ്ഡിക നം. 7.1.2 (6) പ്രകാരം മോട്ടോർ വാഹന വകുപ്പിന്റെ ലൈസൻസ് നിർബന്ധമാണ്. ഗുണഭോക്താക്കൾ ഡ്രൈവിങ്ങ് ലൈസൻസ് എടുത്ത ശേഷം ലൈസൻസിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെ മറുപടി നൽകേണ്ടതാണ്. ഗുണഭോക്താക്കൾക്കായി ചെലവഴിച്ച 4,24,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-28 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠന മുറി - നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല - മറ്റ് അപാകതകൾ

ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന മുറി (പ്രോജക്ട് നമ്പർ 59/24) എന്ന പ്രോജക്ട് പ്രകാരം 7 വിദ്യാർത്ഥികൾക്ക് പഠനമുറിക്കായി തുക അനുവദിച്ചിട്ടുണ്ട്. പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ പ്രകാരം പഠനമുറി നിർമ്മാണത്തിനായി അനുവദിക്കാവുന്ന പരമാവധി ധനസഹായ തുക 2 ലക്ഷം രൂപയാണ്. ധനസഹായം കൈപ്പറ്റിയ ഗുണഭോക്താക്കൾക്ക് വേണ്ടിയുള്ള പഠന മുറി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല എന്ന് കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താക്കളുടെ വിവരം | കൈപ്പറ്റിയ തുക | ബിൽ നമ്പർ/തീയതി | നിലവിലെ സ്ഥിതി (ഫയൽ പ്രകാരം ) |
|---|---|---|---|---|
| 1 | അനീറ്റ ജയൻ മേലുകാവ് | 170000 | 189/1.1.24 – 30,000/-<br>271/29.2.24–60,000/-<br>206/9.5.24 –80000/- | അടിത്തറ പൂർത്തിയായില്ല |
| 2 | നോയൽ തോമസ് | 170000 | 189/1.1.24 – 30,000/- | ഭിത്തി |

| | | | | |
|---|---|---|---|---|
| | മേലുകാവ് | | 269/28.2.24–60,000/-<br>205/9.5.24 – 80000/- | നിർമ്മിച്ചു. ലിന്റൽ വാർത്തിട്ടില്ല |
| 3 | അമൃതമോൾ രാജേഷ് മൂന്നിലവ് | 170000 | 212/26.1.24 – 30,000/-<br>205/9.5.24 –80,000/-<br>202/9.5.24 – 60000/- | ഭിത്തി നിർമ്മിച്ചു. ലിന്റൽ വാർത്തിട്ടില്ല |
| 4 | അബീന ജെയ്സൺ തലനാട് | 170000 | 189/1.1.24 – 30,000/-<br>272/1.3.24 – 60,000/-<br>205/9.5.24 – 80000/- | അടിത്തറ നിർമ്മാണം പൂർത്തിയായി |
| 5 | ഗൗതം വി രാജീവ് തീക്കോയി | 170000 | 212/26.1.24 – 30,000/-<br>204/9.5.24–60,000/-<br>205/9.5.24 – 80000/- | ഭിത്തി നിർമ്മാണം പകുതി പൂർത്തിയായി |
| 6 | മായ മനോജ് പൂഞ്ഞാർ തെക്കേക്കര | 170000 | 200/15.1.24 –30,000/-<br>203/9.5.24 –60,000/-<br>206/9.5.24 – 80000/- | അടിത്തറ നിർമ്മാണം പൂർത്തിയായി |
| 7 | സുവർണ്ണ കെ എസ് പൂഞ്ഞാർ തെക്കേക്കര | 30000 | 200/15.1.24 –30,000/- | അടിത്തറ പൂർത്തിയായില്ല |
| **ആകെ** | | **10,50,000/-** | | |

**<u>മറ്റ് അപാകതകൾ</u>**

1) അമൃതമോൾ രാജേഷ്, ഗൗതം വി രാജീവ് എന്നീ ഗുണഭോക്താക്കൾ പഠനമുറി നിർമ്മിച്ചിരിക്കുന്നത് നിലവിലെ വീടിന്റെ മുകൾ നിലയിലാണ്. സ.ഉ. (സാധാ) നം. 738/2023/ത.സ്വ.ഭ.വ., തീ: 28.03.2023 പ്രകാരം ആവശ്യമായ അളവിൽ പഠന മുറി നിർമ്മിക്കുന്നതിന് മതിയായ സ്ഥല സൗകര്യമില്ലാത്തവർക്ക് നിലവിലുള്ള കെട്ടിടത്തിന്റെ മുകളിൽ പഠനമുറി നിർമ്മിക്കുന്നതിന്, തദ്ദേശ ഭരണ സ്ഥാപനത്തിന്റെ അസി.എൻജിനീയറുടെ സ്ട്രക്ച്ചറൽ സ്റ്റെബിലിറ്റി സർട്ടിഫിക്കറ്റ് ആവശ്യമാണ്. എന്നാൽ അക്രെഡിറ്റഡ് എൻജിനീയർ, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസ് നൽകിയ സ്റ്റെബിലിറ്റി സർട്ടിഫിക്കറ്റുകളാണ് ഫയലിൽ ചേർത്തിട്ടുള്ളത്.

2) സുവർണ്ണ കെ എസ് എന്ന വിദ്യാർത്ഥിനിക്ക് പഠനമുറി നിർമ്മിക്കുന്നതിനായി അനുവദിച്ച 30000/- രൂപ ആദ്യഗഡു ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റായിട്ടില്ലെന്നും ആയതിനാൽ ടിയാൾക്ക് പഠനമുറി നിർമ്മിക്കുവാൻ സാധിച്ചിട്ടില്ലെന്നുമുള്ള എസ് ടി പ്രൊമോട്ടറുടെ റിപ്പോർട്ട് ഫയലിൽ ചേർത്തിട്ടുണ്ട്. എന്നാൽ 16.01.2024 തീയതിയിൽ ബാങ്ക് അക്കൗണ്ടിൽ തുക ക്രെഡിറ്റായിട്ടുള്ളതായാണ് ട്രെഷറി ബിൽ ബുക്ക് പരിശോധിച്ചപ്പോൾ കാണുന്നത് (ബിൽ നം. 200/15.01.2024, സി.ബി നം. 03/23-24).

മേൽ വിഷയങ്ങളിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം.08/10.09.2024) മറുപടി ലഭ്യമാക്കിയില്ല. പ്രവൃത്തി പൂർത്തീകരിക്കാത്തതിനാലും മറ്റ് അപാകതകൾക്ക് മറുപടി ലഭ്യമാക്കിയിട്ടില്ലാത്തതിനാലും 7 ഗുണഭോക്താക്കൾക്കായി നൽകിയ 10,50,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**<u>1-29 വസ്തുനികുതി കുടിശ്ശിക - പിഴപലിശ ഇനത്തിലുള്ള ചെലവ് നിരാകരിക്കുന്നു.</u>**

ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വനിതാ ഉല്പന്ന വിപണന കേന്ദ്രത്തിന്റെ താഴത്തെ നിലയിലുള്ള ഷട്ടർ മുറികളുടെ വസ്തുനികുതിയായി 52,649/- രൂപ ചെക്ക് നം. XY-2470088/ 30.01.2024 പ്രകാരം ഈരാറ്റുപേട്ട നഗരസഭയിൽ അടവാക്കിയിട്ടുണ്ട് (ഫയൽ നം. B-1859/2023 /01.12.2023). തുക അടവാക്കിയതിന്റെ വിശദാംശം ചുവടെ.

| ക്രമ നം. | കെട്ടിട നം. | കാലയളവ് | വസ്തുനികുതി (ലൈബ്രറി സെസ്സ് ഉൾപ്പടെ) | പിഴ തുക | ആകെ തുക | അടവാക്കിയ തുക |
|---|---|---|---|---|---|---|
| 1 | 27/33 | 2023-24 | 1930 | - | 1930 | 1930 |
| 2 | 27/34 | 2023-24 | 2315 | - | 2315 | 2315 |
| 3 | 27/35 | 2016-17 മുതൽ 2023-24 വരെ | 3400 | 1874 | 5274 | 2604 |
| 4 | 27/36 | 2016-17 മുതൽ 2023-24 വരെ | 6223 | 2465 | 8688 | 6223 |
| 5 | 27/37 | 2016-17 മുതൽ 2023-24 വരെ | 10367 | 2277 | 12644 | 10367 |
| 6 | 27/38 | 2016-17 മുതൽ 2023-24 വരെ | 4895 | 1868 | 6763 | 4895 |
| 7 | 27/39 | 2016-17 മുതൽ 2023-24 വരെ | 14201 | 10114 | 24315 | 24315 |
| **ആകെ** | | | | **18598/-** | **61929/-** | **52649/-** |

ഈരാറ്റുപേട്ട മുനിസിപ്പാലിറ്റിയിൽ നിന്നും 03.07.2023 തീയതിയിൽ ലഭ്യമായ അരിയർ ഡിമാൻഡ് നോട്ടീസുകൾ പ്രകാരം മേൽ പട്ടികയിൽ ചേർത്തിട്ടുള്ള 7 കടമുറികൾക്കായി പിഴപ്പലിശ സഹിതം 61,929/- രൂപ വസ്തുനികുതി അടവാക്കേണ്ടതാണ് . എന്നാൽ 52649 രൂപയെ മുനിസിപ്പാലിറ്റിയിൽ അടവാക്കിയിട്ടുള്ളൂ . ക്രമ നം. 3 മുതൽ 6 വരെയുള്ള കടമുറികളുടെ പിഴപ്പലിശ ഇനത്തിലുള്ള തുകയായ രൂപയാണ് ഇനിയും അടവാക്കുവാനുള്ളത്. കൂടാതെ ക്രമ നമ്പർ 3 കടമുറിയുടെ വസ്തുനികുതി ഡിമാൻഡ് നോട്ടീസ് പ്രകാരം 3400 രൂപയാണ്. എന്നാൽ 2604 രൂപയെ അടവാക്കിയിട്ടുള്ളൂ. കടമുറികളുടെ 2016-17 വർഷം മുതലുള്ള വസ്തുനികുതി അടവാക്കാതെ കുടിശ്ശികയായിരുന്നുവെന്നാണ് ഈരാറ്റുപേട്ട നഗരസഭയുടെ ഡിമാൻഡ് നോട്ടീസിൽ നിന്നും വ്യക്തമാവുന്നത്. സാധാരണ ഗതിയിൽ ഡിമാന്റ് നോട്ടീസിൽ നിന്നും വ്യത്യസ്തമായ തുകയും കുറവായ തുകയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ

സ്വീകരിച്ച് രസീത് നൽകാറില്ല. ഈ സാഹചര്യത്തിൽ ഡിമാന്റ് നോട്ടീസിൽ നിന്നും വ്യത്യസ്തമായ തുകകൾ നഗരസഭ യഥാവിധി സ്വീകരിച്ച രസീത് നൽകിയതും അക്കൗണ്ട് ചെയ്തതും സംബന്ധിച്ച് കൂടുതൽ സ്ഥിരീകരണം ആവശ്യമാണ്. (ചില മുറികളുടെ പിഴ പലിശ ഒഴിവാക്കിയുള്ള തുക മാത്രമാണ് അടച്ചിട്ടുള്ളതായി കാണുന്നത്.)

വസ്തുനികുതി വർഷങ്ങളായി അടവാക്കാതെ കുടിശ്ശികയായതിനും ഡിമാൻഡ് നോട്ടീസ് പ്രകാരമുള്ള തുക അടവാക്കാതെ കുറഞ്ഞ തുക അടവാക്കിയതിനും വിശദീകരണം ആവശ്യപ്പെട്ട് എൻക്വയറി (നം. 09/10.09.2024) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. 27/39 നമ്പർ കടമുറിക്കായി പിഴപ്പലിശ ഇനത്തിൽ 10114/- രൂപ അടവാക്കിയിട്ടുണ്ട്. ക്രമ നം. 3 മുതൽ ക്രമ നം. 5 വരെയുള്ള കടമുറികളുടെ വസ്തു നികുതി പിഴപ്പലിശ അടവാക്കിയിട്ടില്ല. ഇപ്രകാരം വ്യത്യസ്ത രീതിയിൽ വസ്തു നികുതി കുടിശ്ശിക അടവാക്കിയതിന്റെ കാരണം വ്യക്തമല്ല. മതിയായ ഫണ്ട് ബാലൻസ് അവശേഷിച്ചിരുന്നിട്ടും വസ്തു നികുതി യഥാസമയം കൃത്യമായി അടവാക്കാതെ പിഴപ്പലിശ ഇനത്തിൽ തുക അടവാക്കേണ്ടി വന്നത് ന്യായീകരിക്കാവുന്നതല്ല. ആയതിനാൽ പ്രസ്തുത ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. പിഴപ്പലിശയായി നഗരസഭയിൽ അടവാക്കിയ 10114/- രൂപ സെക്രട്ടറിയുടെ വ്യക്തിപരമായ ബാധ്യതയായി പരിഗണിച്ച് തിരികെ ഈടാക്കേണ്ടതാണ്. (ഖണ്ഡിക 3-1 കൂടി കാണുക)

## 1-30 അക്കൗണ്ടിംഗ് ജോലികൾക്കായി ദിവസ വേതനാടിസ്ഥാനത്തിൽ ആളുകളെ നിയമിച്ച് ക്രമവിരുദ്ധമായി വേതനം നൽകി

ബ്ലോക്ക് പഞ്ചായത്തിന്റെ 2022-23 വാർഷിക ധനകാര്യ പത്രിക തയ്യാറാക്കുന്നതിലേക്കുള്ള സാംഖ്യ അക്കൗണ്ടിംഗ് ജോലികൾ ചെയ്യുന്നതിലേക്കായി പുറത്തുനിന്നും അക്കൗണ്ടിംഗ് വിദഗ്ധരുടെ സേവനം ബ്ലോക്ക് പഞ്ചായത്തിൽ ലഭ്യമാക്കിയതിന് തനത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ചിട്ടുള്ളതായി കാണുന്നു. വിശദാംശം ചുവടെ.

| ക്രമ നം. | വൗച്ചർ നം./തീ. | ചെക്ക് നം./തീ. | തുക |
|---|---|---|---|
| 1 | 15/2023-24 /22.05.2023 | XY-2470003/17.05.2023 | 4000/- |
| 2 | 26/2023-24 /06.07.2023 | XY-2470014/23.06.2023 | 3020/- |
| 3 | 26/2023-24 /06.07.2023 | XY-2470028/02.08.2023 | 2500/- |
| | **ആകെ** | | **9520/-** |

ബ്ലോക്ക് പഞ്ചായത്തിൽ അക്കൗണ്ടിംഗ് സംബന്ധമായ ജോലികൾക്കായി മുഴുവൻ സമയ അക്കൗണ്ടന്റും മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥരും ഉണ്ടായിരിക്കെ വാർഷിക ധനകാര്യ പത്രിക തയ്യാറാക്കുന്നതിലേക്കായി സ്വകാര്യ വ്യക്തികളെ ദിവസ വേതനാടിസ്ഥാനത്തിൽ നിയമിച്ച് ക്രമ വിരുദ്ധമായി വേതനം നൽകി. കൂടാതെ ടിയാളുകൾക്കായി 4000/- രൂപ മുൻകൂർ നൽകിയതായി B-946/2023/12.06.2023 നമ്പർ നോട്ട് ഫയലിൽ സെക്രട്ടറി രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം.06/10.09.2024) മറുപടിയായി ടി 4000 രൂപ ദിവസ വേതനത്തിൽ ഉൾപ്പെടുന്നതാണെന്ന് അറിയിച്ചു. അക്കൗണ്ടിംഗ് ജോലികൾക്കായി പുറം കരാർ പ്രകാരം ദിവസ വേതനത്തിൽ താൽക്കാലിക ജീവനക്കാരെ നിയമിച്ച് വേതനം നൽകിയ നടപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ആയതിനാൽ ടി ഇനത്തിലുള്ള 9520/- രൂപയുടെ ചെലവ് ഉത്തരവാദിയായ സെക്രട്ടറിയുടെ വ്യക്തിപരമായ ബാധ്യതയായി കണക്കാക്കി തിരികെ ഈടാക്കി

പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്. (ഖണ്ഡിക 3-2 കൂടി കാണുക)

**1-31 ശുചിത്വ സുസ്ഥിരപദ്ധതി- പ്ലാസ്റ്റിക്ക് ഷ്റെഡിങ് യൂണിറ്റ് പ്രവർത്തിക്കുന്നില്ല**

കേരള സർക്കാരിന്റെ നവകേരളമിഷന്റെ ഭാഗമായുള്ള സുസ്ഥിര ശുചിത്വ പദ്ധതിയുടെ ഭാഗമായി ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽപ്പെട്ട 8 ഗ്രാമപഞ്ചായത്തുകളിൽ നിന്ന് തരം തിരിച്ച പ്ലാസ്റ്റിക്കുകൾ ശേഖരിച്ച് ബ്ലോക്ക് പഞ്ചായത്തിൽ എത്തിച്ച് ബെയിലിംഗ് ചെയ്ത് ക്ലീൻ കേരളാ കമ്പനിക്ക് കൈമാറുക എന്ന ലക്ഷ്യം മുൻനിർത്തി 2020-21 സാമ്പത്തിക വർഷം സെക്രട്ടറി നിർവ്വഹണം നടത്തിയ (പ്രോജക്ട് നം.179/20-21) ബ്ലോക്ക് പഞ്ചായത്ത് പ്ലാസ്റ്റിക് ബെയിലിംഗ് യൂണിറ്റ്, ഡസ്റ്റ് റിമൂവർ എന്നിവ സ്ഥാപിക്കൽ എന്ന പ്രോജക്ടിനായി ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും ബിൽ നമ്പർ 69/20-21 തീയതി 25.03.21 പ്രകാരം 5,61,216/- രൂപ ചെലവഴിച്ച് ക്ലീൻ കേരള കമ്പനിയിൽ നിന്നും പ്ലാസ്റ്റിക് ബെയിലിംഗ് മെഷീൻ ലഭ്യമാക്കിയിട്ടുണ്ട്. ആയതിലേക്ക് ത്രീ ഫേസ് കറന്റ് കണക്ഷൻ എടുക്കുന്നതിനും മറ്റ് വയറിങ് ജോലികൾക്കുമായി പ്രോജക്ട് നമ്പർ 77 പ്രകാരം 69,718/- രൂപയും ചെലവഴിച്ചിട്ടുണ്ട് (ബിൽ നം.126/31.01.2020). 10.09.24 ൽ ആർ ആർ എഫിൽ നടത്തിയ പ്രാദേശിക പരിശോധനയിൽ ബെയിലിംഗ് മെഷീൻ പ്രവർത്തന സജ്ജമാക്കിയിട്ടില്ല എന്ന് കണ്ടു. പ്രോജക്ട് സംബന്ധിച്ച് ക്ലീൻ കേരള കമ്പനിയുമായി ഇതുവരെയും കരാറിൽ ഏർപ്പെട്ടിട്ടില്ല . ആയതിനാൽ സുസ്ഥിര ശുചിത്വ പദ്ധതിയുടെ ഭാഗമായി വൻതുക ചെലവഴിച്ച് നിർമ്മിച്ച ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിലെ ആർ ആർ എഫ് കെട്ടിടവും അതിലെ ആസ്തികളും നിഷ്ക്രിയാസ്തിയായി അവശേഷിക്കുന്ന സാഹചര്യമാണ് നിലവിലുള്ളത്. പ്രോജക്ട് സംബന്ധിച്ച ഫയൽ പരിശോധനയ്ക്ക് ലഭ്യമായില്ല.



ക്ലീൻ കേരള കമ്പനിയുമായി കരാറിൽ ഏർപ്പെടാത്തതിന്റെ കാരണം വ്യക്തമാക്കേണ്ടതും, പ്രോജക്ട് ഫയലും കമ്പനിയുമായി നടത്തിയ കത്തിടപാടുകളുടെ വിവരങ്ങൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണിന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 10/10.09.24 ന് മറുപടി ലഭ്യമാക്കിയില്ല. പ്രോജക്ട് പ്രകാരം വാങ്ങിയ ബെയിലിംഗ് മെഷീൻ നാളിതുവരെ പ്രവർത്തിപ്പിച്ച് ലക്ഷ്യം കൈവരിച്ചിട്ടില്ല. മെഷീൻ സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ പശ്ചാത്തല സൗകര്യങ്ങളൊരുക്കാതെ ആറ് ലക്ഷത്തോളം രൂപ ചെലവഴിച്ച് മെഷീൻ വാങ്ങി ആയത് സുരക്ഷിതമല്ലാതെ നിഷ്ക്രിയമായി സൂക്ഷിക്കുന്ന നടപടി ബ്ലോക്ക് പഞ്ചായത്തിന്റെ ഭാഗത്തുള്ള വീഴ്ചയാണ്. മാലിന്യനിർമ്മാർജ്ജനം ലക്ഷ്യമിട്ട് വാങ്ങിയ മെഷീൻ നാളിതുവരെ സ്ഥാപിച്ച് പ്രവർത്തനക്ഷമ മാക്കിയിട്ടില്ല. ആയതിനാൽ അടിയന്തിരമായി മെഷീൻ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ എല്ലാ ഭൗതീക സാഹചര്യങ്ങളുമൊരുക്കേണ്ടതും മെഷീൻ പ്രവർത്തന ക്ഷമമാക്കേണ്ടതുമാണ്. കൂടാതെ മെഷീന്റെ വാറന്റി കാലയളവ്, അറ്റകുറ്റപ്പണികളുമായി ബന്ധപ്പെട്ട് സ്ഥാപനം ലഭ്യമാക്കുന്ന സേവനങ്ങൾ, പ്രവർത്തനം സംബന്ധിച്ച് ഹരിതകർമ്മസേനാംഗങ്ങൾക്ക് പരിശീലനം കൊടുക്കുന്നത് മുതലായ വിവരങ്ങളും വ്യവസ്ഥകളും ഉൾപ്പെടുത്തി നിർബന്ധമായും ബന്ധപ്പെട്ട കക്ഷികളുമായി കരാർ ചമയ്ക്കേണ്ടതാണ്. പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട എല്ലാ രേഖകളും ഉൾപ്പെടുത്തി ഫയൽ സൂക്ഷിപ്പ് കൃത്യമാക്കേണ്ടതും തുടർനടപടികളുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് ബ്ലോക്ക് പഞ്ചായത്തിന്റെ തനത് പ്രവർത്തനങ്ങളും ഇക്കാര്യത്തിൽ ഗ്രാമ

പഞ്ചായത്തുകളെ ശാക്തീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങളും കാര്യക്ഷമതയോടെ ഏറ്റെടുക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 വസ്തുനികുതി കുടിശ്ശിക - പിഴപലിശ ഇനത്തിലുള്ള ചെലവ് നിരാകരിക്കുന്നു.

ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വനിതാ ഉല്പന്ന വിപണന കേന്ദ്രത്തിന്റെ താഴത്തെ നിലയിലുള്ള ഷട്ടർ മുറികളുടെ വസ്തുനികുതിയായി 52,649/- രൂപ ചെക്ക് നം. XY-2470088/ 30.01.2024 പ്രകാരം ഈരാറ്റുപേട്ട നഗരസഭയിൽ അടവാക്കിയിട്ടുണ്ട് (ഫയൽ നം. B-1859/2023 /01.12.2023). തുക അടവാക്കിയതിന്റെ വിശദാംശം ചുവടെ.

| ക്രമ നം. | കെട്ടിട നം. | കാലയളവ് | വസ്തുനികുതി (ലൈബ്രറി സെസ്സ് ഉൾപ്പടെ) | പിഴ തുക | ആകെ തുക | അടവാക്കിയ തുക |
|---|---|---|---|---|---|---|
| 1 | 27/33 | 2023-24 | 1930 | - | 1930 | 1930 |
| 2 | 27/34 | 2023-24 | 2315 | - | 2315 | 2315 |
| 3 | 27/35 | 2016-17 മുതൽ 2023-24 വരെ | 3400 | 1874 | 5274 | 2604 |
| 4 | 27/36 | 2016-17 മുതൽ 2023-24 വരെ | 6223 | 2465 | 8688 | 6223 |
| 5 | 27/37 | 2016-17 മുതൽ 2023-24 വരെ | 10367 | 2277 | 12644 | 10367 |
| 6 | 27/38 | 2016-17 മുതൽ 2023-24 വരെ | 4895 | 1868 | 6763 | 4895 |
| 7 | 27/39 | 2016-17 മുതൽ 2023-24 | 14201 | 10114 | 24315 | 24315 |

| | | | | | | |
|---|---|---|---|---|---|---|
| | | വരെ | | | | |
| ആകെ | | | | 18598/- | 61929/- | 52649/- |

ഈരാറ്റുപേട്ട മുനിസിപ്പാലിറ്റിയിൽ നിന്നും 03.07.2023 തീയതിയിൽ ലഭ്യമായ അരിയർ ഡിമാൻഡ് നോട്ടീസുകൾ പ്രകാരം മേൽ പട്ടികയിൽ ചേർത്തിട്ടുള്ള 7 കടമുറികൾക്കായി പിഴപ്പലിശ സഹിതം 61,929/- രൂപ വസ്തുനികുതി അടവാക്കേണ്ടതാണ് . എന്നാൽ 52649 രൂപയെ മുനിസിപ്പാലിറ്റിയിൽ അടവാക്കിയിട്ടുള്ളൂ . ക്രമ നം. 3 മുതൽ 6 വരെയുള്ള കടമുറികളുടെ പിഴപ്പലിശ ഇനത്തിലുള്ള തുകയായ രൂപയാണ് ഇനിയും അടവാക്കുവാനുള്ളത്. കൂടാതെ ക്രമ നമ്പർ 3 കടമുറിയുടെ വസ്തുനികുതി ഡിമാൻഡ് നോട്ടീസ് പ്രകാരം 3400 രൂപയാണ്. എന്നാൽ 2604 രൂപയെ അടവാക്കിയിട്ടുള്ളൂ. കടമുറികളുടെ 2016-17 വർഷം മുതലുള്ള വസ്തുനികുതി അടവാക്കാതെ കുടിശ്ശികയായിരുന്നുവെന്നാണ് ഈരാറ്റുപേട്ട നഗരസഭയുടെ ഡിമാൻഡ് നോട്ടീസിൽ നിന്നും വ്യക്തമാവുന്നത്. സാധാരണ ഗതിയിൽ ഡിമാന്റ് നോട്ടീസിൽ നിന്നും വ്യത്യസ്തമായ തുകയും കുറവായ തുകയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിച്ച് രസീത് നൽകാറില്ല. ഈ സാഹചര്യത്തിൽ ഡിമാന്റ് നോട്ടീസിൽ നിന്നും വ്യത്യസ്തമായ തുകകൾ നഗരസഭ യഥാവിധി സ്വീകരിച്ചു രസീത് നൽകിയതും അക്കൗണ്ട് ചെയ്തതും സംബന്ധിച്ച് കൂടുതൽ സ്ഥിരീകരണം ആവശ്യമാണ്. (ചില മുറികളുടെ പിഴ പലിശ ഒഴിവാക്കിയുള്ള തുക മാത്രമാണ് അടച്ചിട്ടുള്ളതായി കാണുന്നത്.)

വസ്തുനികുതി വർഷങ്ങളായി അടവാക്കാതെ കുടിശ്ശികയായതിനും ഡിമാൻഡ് നോട്ടീസ് പ്രകാരമുള്ള തുക അടവാക്കാതെ കുറഞ്ഞ തുക അടവാക്കിയതിനും വിശദീകരണം ആവശ്യപ്പെട്ട് എൻക്വയറി (നം. 09/10.09.2024) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. 27/39 നമ്പർ കടമുറിക്കായി പിഴപ്പലിശ ഇനത്തിൽ 10114/- രൂപ അടവാക്കിയിട്ടുണ്ട്. ക്രമ നം. 3 മുതൽ ക്രമ നം. 5 വരെയുള്ള കടമുറികളുടെ വസ്തു നികുതി പിഴപ്പലിശ അടവാക്കിയിട്ടില്ല. ഇപ്രകാരം വ്യത്യസ്ത രീതിയിൽ വസ്തു നികുതി കുടിശ്ശിക അടവാക്കിയതിന്റെ കാരണം വ്യക്തമല്ല. മതിയായ ഫണ്ട് ബാലൻസ് അവശേഷിച്ചിരുന്നിട്ടും വസ്തു നികുതി യഥാസമയം കൃത്യമായി അടവാക്കാതെ പിഴപ്പലിശ ഇനത്തിൽ തുക അടവാക്കേണ്ടി വന്നത് ന്യായീകരിക്കാവുന്നതല്ല. ആയതിനാൽ പ്രസ്തുത ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. പിഴപ്പലിശയായി നഗരസഭയിൽ അടവാക്കിയ 10114/- രൂപ സെക്രട്ടറിയുടെ വ്യക്തിപരമായ ബാധ്യതയായി പരിഗണിച്ച് തിരികെ ഈടാക്കേണ്ടതാണ്.

## 3-2 അക്കൗണ്ടിംഗ് ജോലികൾക്കായി ദിവസ വേതനാടിസ്ഥാനത്തിൽ ആളുകളെ നിയമിച്ച് ക്രമവിരുദ്ധമായി വേതനം നൽകി

ബ്ലോക്ക് പഞ്ചായത്തിന്റെ 2022-23 വാർഷിക ധനകാര്യ പത്രിക തയ്യാറാക്കുന്നതിലേക്കുള്ള സാംഖ്യ അക്കൗണ്ടിംഗ് ജോലികൾ ചെയ്യുന്നതിലേക്കായി പുറത്തുനിന്നും അക്കൗണ്ടിംഗ് വിദഗ്ധരുടെ സേവനം ബ്ലോക്ക് പഞ്ചായത്തിൽ ലഭ്യമാക്കിയതിന് തനത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ചിട്ടുള്ളതായി കാണുന്നു. വിശദാംശം ചുവടെ.

| ക്രമ നം. | വൗച്ചർ നം./തീ. | ചെക്ക് നം./തീ. | തുക |
|---|---|---|---|
| 1 | 15/2023-24 /22.05.2023 | XY-2470003/17.05.2023 | 4000/- |
| 2 | 26/2023-24 /06.07.2023 | XY-2470014/23.06.2023 | 3020/- |
| 3 | 26/2023-24 /06.07.2023 | XY-2470028/02.08.2023 | 2500/- |

| | |
|---|---|
| **ആകെ** | **9520/-** |

ബ്ലോക്ക് പഞ്ചായത്തിൽ അക്കൗണ്ടിംഗ് സംബന്ധമായ ജോലികൾക്കായി മുഴുവൻ സമയ അക്കൗണ്ടന്റും മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥരും ഉണ്ടായിരിക്കെ വാർഷിക ധനകാര്യ പത്രിക തയ്യാറാക്കുന്നതിലേക്കായി സ്വകാര്യ വ്യക്തികളെ ദിവസ വേതനാടിസ്ഥാനത്തിൽ നിയമിച്ച് ക്രമ വിരുദ്ധമായി വേതനം നൽകി. കൂടാതെ ടിയാളുകൾക്കായി 4000/- രൂപ മുൻകൂർ നൽകിയതായി B-946/2023/12.06.2023 നമ്പർ നോട്ട് ഫയലിൽ സെക്രട്ടറി രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം.06/10.09.2024) മറുപടിയായി ടി 4000 രൂപ ദിവസ വേതനത്തിൽ ഉൾപ്പെടുന്നതാണെന്ന് അറിയിച്ചു. അക്കൗണ്ടിംഗ് ജോലികൾക്കായി പുറം കരാർ പ്രകാരം ദിവസ വേതനത്തിൽ താൽക്കാലിക ജീവനക്കാരെ നിയമിച്ച് വേതനം നൽകിയ നടപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ആയതിനാൽ ടി ഇനത്തിലുള്ള 9520/- രൂപയുടെ ചെലവ് ഉത്തരവാദിയായ സെക്രട്ടറിയുടെ വ്യക്തിപരമായ ബാധ്യതയായി കണക്കാക്കി തിരികെ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2023-24 | 10.09.2024 |

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യ പത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 98000 | പി എം എ വൈ ഭവന പദ്ധതി (പ്രൊജക്ട് നം. 129/24) | 98000 | 0 |
| | 98000 | പി എം എ വൈ ഭവന പദ്ധതി - ടി എസ് പി (പ്രൊജക്ട് നം. 134/24) | 98000 | 0 |
| **ആകെ** | **196000** | | **196000** | **0** |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്മെന്റ് | 78/23-24 തീക്കോയി പീപ്പിൾസ് ലൈബ്രറി റീഡിങ് റൂം കുഴൽകിണർ നിർമ്മാണം | 48298 | 0 | 48298 |
| | 60/23-24 വളുക്ക് ഡിവിഷൻ വിവിധ വാർഡുകളിൽ കുഴൽകിണർ നിർമ്മാണം | 50000 | 0 | 50000 |
| കെൽട്രോൺ | 89/23-24 ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസിലേക്ക് ബയോമെടിക് പഞ്ചിംഗ് മെഷീൻ വാങ്ങൽ | 22712 | 0 | 22712 |
| **ആകെ** | | **121010** | **0** | **121010** |

**4-4 മൊബിലൈസേഷൻ അഡ്വാൻസ്**

സാമ്പത്തിക വർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ തുകയൊന്നും നൽകിയിട്ടില്ല.

**4-5 വായ്പ/വായ്പാതിരിച്ചടവ്**

2023-24 വർഷത്തെ വാർഷിക ധനകാര്യ പത്രിക, 31/03/2024 ലെ ബാലൻസ് ഷീറ്റ് എന്നിവ പ്രകാരം വായ്പയിനത്തിൽ ബ്ലോക്ക് പഞ്ചായത്തിന് ബാധ്യതയില്ല.

**4-6 സ്ഥിര നിക്ഷേപം**

2023-24 വർഷത്തെ ധനകാര്യ പത്രിക 31.03.2024 ബാലൻസ് ഷീറ്റ് പ്രകാരം ബ്ലോക്ക് പഞ്ചായത്തിന് സ്ഥിരനിക്ഷേപങ്ങൾ ഇല്ല.

**4-7 ഓഡിറ്റ് റിക്കവറി**

2023-24 വർഷം ഓഡിറ്റ് റിക്കവറി ഇനത്തിൽ തുകകളൊന്നും ലഭിച്ചിട്ടില്ല.

**4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകളുടെ വിവരങ്ങൾ**

ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2004-05 | 3(6) | 2007-08 | 3-34-1 | എസ്.എൻ. ബാലവാടി ചൊവ്വൂർ റോഡ് പുനരുദ്ധാരണ പ്രവൃത്തിയിലെ ക്രമക്കേടുകൾ | - |
| 2005-06 | 3(6),3(7), 3(8) | 2007-08 | 3-34-2 | നബാർഡ് സഹായത്തോടുകൂടി ഏറ്റെടുത്ത റോഡ് നിർമ്മാണ പ്രവൃത്തികൾ – ഗുരുതരമായ അപാകതകൾ | - |

**4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം**

ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം-20 പ്രകാരം ചാർജ്/സർച്ചാർജ് നടപടികൾ പ്രകാരം തുകയൊന്നും ഈടാക്കിയിട്ടില്ല. നിലവിൽ സർച്ചാർജ് നടപടികൾ നിലനിൽക്കുന്ന ഖണ്ഡികകൾ ഇല്ല.

**4-10 ഓഡിറ്റ് പ്രത്യവലോകനം**

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് [മുന്നിരിപ്പ് ഉൾപ്പെടെ] (റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | : | 52134420 |
| ആകെ വരുമാനം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം) | : | 37494716 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 48457757 |

| | | |
|---|---|---|
| (റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | | |
| ആകെ ചെലവ് (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം) | : | 45085434 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 19634/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | **10998156** |

(ബി) <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നം. | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 1-29 | -- | 10114/- | ശ്രീ. സക്കീർ ഹുസൈൻ ഇബ്രാഹിം, സെക്രട്ടറി |
| 1-30 | | 9520/- | ശ്രീ. സക്കീർ ഹുസൈൻ ഇബ്രാഹിം, സെക്രട്ടറി |
| **ആകെ** | | **19634/-** | |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 116102 | ശ്രീ. സക്കീർ ഹുസ്സൈൻ ഇബ്രാഹിം സെക്രട്ടറി |
| 1-20 | 6722260 | ശ്രീ. സക്കീർ ഹുസ്സൈൻ ഇബ്രാഹിം സെക്രട്ടറി |
| 1-21 | 2746 | ശ്രീമതി സൂര്യ സുരേഷ് കെ എസ് അസി. എൻജിനീയർ |
| 1-22 | 537480 | ശ്രീമതി സൂര്യ സുരേഷ് കെ എസ് അസി. എൻജിനീയർ |

| | | |
|---|---|---|
| 1-23 | 1638556 | ശ്രീമതി സൂര്യ സുരേഷ് കെ എസ്<br>അസി. എൻജിനീയർ |
| 1-24 | 408714 | ശ്രീമതി സൂര്യ സുരേഷ് കെ എസ്<br>അസി. എൻജിനീയർ |
| 1-26 | 98298 | ശ്രീമതി സൂര്യ സുരേഷ് കെ എസ്<br>അസി. എൻജിനീയർ |
| 1-27 | 424000 | ശ്രീമതി ജാസ്മിൻ കെ<br>സി ഡി പി ഒ |
| 1-28 | 1050000 | ശ്രീ. അനൂപ് കുമാർ<br>ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ |
| **ആകെ** | **10998156** | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. സക്കീർ ഹുസ്സൈൻ ഇബ്രാഹിം | ജീവനക്കാരൻ വിരമിച്ചു | അയപ്പാറയിൽ<br>കാഞ്ഞിരപ്പള്ളി<br>പി.ഒ , പിൻ: 686507 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ 31/08/2024 തീയതി വരെ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട്, തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും | തീർപ്പാക്കാൻ അവശേഷിക്കുന്ന |
|---|---|---|

| | ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | എൽ.എഫ്.കെ.പി2/88 /12/02.05.2013 | - |
| 2000-01 & 2001-02 | എൽ.എഫ്.കെ.പി2/88 /12/30.04.2013 | 6 |
| 2002-03 | എൽ.എഫ്.കെ.പി2/88 /12/30.04.2013 | - |
| 2003-04 | എൽ.എഫ്.കെ.പി2/88 /12/02.05.2013 | - |
| 2004-05 | എൽ.എഫ്.കെ.പി2/88 /12/30.04.2013 | - |
| 2005-06 | എൽ.എഫ്.കെ.പി2/88 /12/30.04.2013 | 9 |
| 2006-07 | എൽ.എഫ്.കെ.പി2/88 /12/02.05.2013 | 13 |
| 2007-08 | എൽ.എഫ്.കെ.പി2/88 /12/22.03.2013 | - |
| 2008-09 | എൽ.എഫ്.കെ.പി2/88 /12/22.03.2013 | - |
| 2009-10 | എൽ.എഫ്.കെ.പി2/88 /12/30.04.2013 | - |
| 2010-11 | കെ.എസ്.എ- കെ.ടി.എം.പി15/അദാ. /18/807(1)/18/07.05.2018 | 7 |
| 2011-12 | കെ.എസ്.എ- കെ.ടി.എം.പി15/അദാ. /18/807(2)/18/07.05.2018 | 4 |
| 2012-13 & 2013-14 | കെ.എസ്.എ- കെ.ടി.എം.പി15/അദാ. /18/807(3)/18/07.05.2018 | 5 |
| 2014-15 & 2015-16 | കെ.എസ്.എ- കെ.ടി.എം.പി15/അദാ. /18/807(4)/18/ 07.05.2018 | 9 |
| 2016-17 | കെ.എസ്.എ- കെ.ടി.എം.പി.15/1533 /19/10.10.2019 | 9 |
| 2017-18 | കെ.എസ്.എ- കെ.ടി.എം.പി.15/1416 /2019/03.10.2019 | 18 |
| 2018-19 | കെ.എസ്.എ- | 14 |

| | | |
|---|---|---|
| | കെ.ടി.എം.പി15/778 /20/28.09.2020 | |
| 2019-20 | കെ.എസ്.എ- കെ.ടി.എം.പി15/775 /2022/24.05.2022 | 11 |
| 2020-21 | കെ.എസ്.എ- കെ.ടി.എം.പി15/776 /2022/26.05.2022 | 21 |
| 2021-22 | കെ.എസ്.എ- കെ.ടി.എം.പി15/2593 /2022/26.05.2022 | 44 |
| 2022-23 | കെ.എസ്.എ- കെ.ടി.എം.പി15/1219 /2023/06.10.2023 | 30 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പെടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം-കോട്ടയം

## Annexure-1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 4(1) dated 4(1) dated 19-07-2024 and submitted on 19-07-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Erattupetta Block Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Erattupetta Block Panchayat as on 31-03-2024

**Date: 24/10/2024** **Senior Deputy Director**

**Kerala State Audit Department**

## Audit Report appended to the Audit Certificate of Erattupetta Block Panchayat for the Year 2023-2024.

### 1.Major Observations

1) Valuation of panchayat assets as per instructions in G.O.(MS)152/2011 dated 26/07/2011 and asset register not kept up to date. It is not clear whether the assets as per Schedule B-11 of Balance Sheet are the assets of Block Panchayat.

2) Basic documents and explanation are not available to verify the correctness of General Fund and

Capital Contribution of Block Panchayat as on 31/03/2024.

3) As per Rule 58 of Kerala Panchayat Raj Accounts Rules 2011, Deposit Register, Advance Register showing the progress of various deposits received into the Panchayat Fund, Advance Register, Government/Other Dues Register showing the accuracy of amounts to be credited to

Government/Other Institutions, Special Purpose received by the Panchayat and remaining in the Fund. ACR, the basic document for verifying the correctness of grants (B-4) and the register of miscellaneous income, has not been certified and maintained by the Secretary.
4) Due to non-availability of supporting documents and calculation sheet of the amounts accounted as depreciation of various fixed assets, it is not possible to ensure the correctness of the provision given under this item.

## 2.Other Observations

1. The balance under Grants and Contributions for Specific Purposes on Schedule B4 differs from the balance in the bank account.
2. The exchange of deposits and advances over a 23-24 year period could not be proved in the absence of registrations and documents.
3. Actual Rent DCB differs from Annual Financial Statement and Rent Register.
4. The discrepancy between the CFC grant B4 schedule (Rs. 1196238/-) and the 40(B) schedule (Rs. 17,89,274/-) remains.
5. Project No.60/24, Amount Rs.50,000/- Ground water department, Project No. 89/24, amount of Rs. 22712/- to Keltron has not been accounted as advance head.
6. 6,000/- deposited on 03.12.2023 for rent room no.33 has not been accounted as rent deposit.

**Senior Deputy Director**
**District Office Kottayam**
**Kerala State Audit Department**

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്